UNIVERSITY LIBRARY
21 NOV 1953
MADRAS

പുസ്തകം 4. 1129 തുലാം. ലക്കം 7.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രേമദർശനം.

### (ദേവർഷി നാരദവിരചിത ഭക്തിസൂത്രം)

(തുടർച്ച)

### പ്രേമരൂപമായ ഭക്തി ഫലരൂപമാണ്.

(വി. എൻ. പരമേശ്വരൻ നമ്പൂതിരി)

25. സാ തു കർമ്മജ്ഞാനയോഗേഭ്യോ/പ്യധികതരാ.

ആ പ്രേമരൂപമായ ഭക്തി കർമ്മജ്ഞാനയോഗങ്ങളേക്കാൾ ശ്രേഷ്ഠതരം കൂടിയാണ്.

കർമ്മം ജ്ഞാനം യോഗം എന്നിവ മൂന്നും ഭഗവൽപ്രാപ്തിക്കുള്ള ഉപാധികൾ തന്നെയാണ്. എന്നാൽ ഭക്തി ഈ മൂന്നിലും വെച്ച് അധികം ശ്രേഷ്ഠമാണ്. കർമ്മാദികളിൽ വർണ്ണാശ്രമാധികാരപ്രശ്നങ്ങൾ ഉത്ഭവിക്കുന്നു; ഒപ്പം അധഃപതനഭയവും. എന്നാൽ യഥാർത്ഥമായ ഭക്തിയിൽ ഭഗവാന്റെ പൂർണ്ണസഹായമുള്ളതുകൊണ്ട് യാതൊരു ഭയവും ഉണ്ടാവുന്നതല്ല. എന്നു മാത്രമല്ല സ്ത്രീപുരുഷ ബ്രാഹ്മണശൂദ്രാദി വർഗ്ഗവിവേചനങ്ങളൊന്നും ഭക്തിയെസ്സംബന്ധിച്ചേടത്തോളമുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

നാടും വീടും വെടിഞ്ഞെങ്ങുമോടി നടകൊണ്ടു ദുഃഖം-
കൂട്ടും നിയമങ്ങൾ പലമോടിയിൽ പൂണ്ടും
ചാരവേ നില്ക്കുന്ന കാമധേനുവെത്താൻ തിരയുന്നു;
ചാടുന്നു വൻഗർത്തമെന്നു മറിഞ്ഞതിൽത്താൻ !
സകലസൌഭാഗ്യപ്രദമായ ഹരിഭക്തി തെല്ലു-
മകമേ ചിന്തിക്കാതന്യമുപായം തേടി,

ഉഴലുന്നുമൂഢർ; തുഴതോണിയടുത്തെഴെ കൈകാൽ-
തുഴകൊണ്ടബ്ധിയ്ക്കക്കരെപ്പോകാൻ കൊതിപ്പൂ

എന്നു മാത്രമല്ല, വാസ്തവം പറകയാണെങ്കിൽ:—

യാഗംതപംജപം ദാനമെന്നുവേണ്ട പലതരം.
യോഗങ്ങളുമെഥാവിധി യനുഷ്ഠിച്ചാലും
നന്ദനന്ദനൻ തൻകൃപാ മൃതമതിന്നേൽക്കായ്കിലോ
നിന്ദിതമാ,യതുസർവ്വം നിഷ്ഫലമല്ലോ.
ഘനശ്യാമപ്രേമഭജനത്തിന്നെതിരൊന്നുമില്ല;
മുനിമാരുമരിനാലായതു കീർത്തിപ്പൂ!

ഭഗവാൻതന്നെ സ്വയം അരുളിച്ചെയ്യുന്നു:—

"ന സാധയതി മാം യോഗോ
ന സാംഖ്യം ധർമ്മ ഉദ്ധവ,
ന സ്വാധ്യായസ്തപസ്ത്യാഗോ
യഥാ ഭക്തിർമ്മമോർജ്ജിതാ.
ഭക്ത്യാഹമേകയാ ഗ്രാഹ്യഃ
ശ്രദ്ധയാ//ത്മാ പ്രിയഃ സതാം
ഭക്തിഃ പുനാതി മന്നിഷ്ഠാ.
ശ്വാപകാനപി സംഭവാൽ"

(ശ്രീമൽഭാഗവം 11_14_20, 21)

"അല്ലയോ ഉദ്ധവാ, യാതൊരു പ്രകാരത്തിൽ എന്നിലുള്ള ഭക്തി എന്നെ സ്വാധീനമാക്കുന്നുവോ അപ്രകാരം, യോഗവും ജ്ഞാനവും ധർമ്മവും സ്വാദ്ധ്യായവും തപസ്സും ത്യാഗവും എന്നെ ആകർഷിക്കുവാൻ ശക്തമല്ല. സജ്ജനങ്ങളുടെ പ്രിയ ആത്മാകാരമായ ഞാൻ കേവലം ശ്രദ്ധായുക്തമായ ഭക്തിദ്വാരാ സ്വാധീനനാകുന്നു. എന്നിലുള്ള ഭക്തി ചണ്ഡാലാദികളെക്കൂടി പവിത്രഹൃദയരാക്കിത്തീർക്കുവാൻ സമർത്ഥമാണ്."

ഇപ്രകാരം ഭഗവാൻ ഗീതയിൽക്കൂടി പറയുന്നു:—

"നാഹം വേദൈർന്ന തപസാ
ന ദാനേന ന ചേജ്യയാ
ശക്യ ഏവംവിധോ ദ്രഷ്ടും,
ദൃഷ്ടവാനസി മാം യഥാ.
ഭക്ത്യാ ത്വനന്യയാ ശക്യ
അഹമേവം വിധോ//ർജ്ജുന

ജ്ഞാതും ദ്രഷ്ടും ച തത്വേന
പ്രവേഷ്ടും ച പരം തപ."

(11_53, 54)

"ഹേ അർജ്ജുനാ, എന്നെ നീ എപ്രകാരം കണ്ടുവോ അതുപോലെ ഞാൻ (എൻെറ രൂപം) വേദങ്ങൾകൊണ്ടോ തപസ്സുകൊണ്ടോ ദാനങ്ങൾകൊണ്ടോ യജ്ഞംകൊണ്ടോ കാണപ്പെടാവുന്നതല്ല. ഹേ അർജ്ജുന, ഹേ പരന്തപ! ഈ വിധമുള്ള ഞാൻ (എന്നെ) പരമാത്ഥമായി അറിയുന്നതിനും കാണുന്നതിനും (എന്നിൽ) പ്രവേശിക്കുന്നതിനും അനന്യ ഭക്തികൊണ്ടുമാത്രമേ സാധിക്കയുള്ളൂ."

26. ഫലരൂപത്വാത്.

എന്തുകൊണ്ടെന്നാൽ ആ ഭക്തി ഫലരൂപമാകുന്നു.

വാസ്തവത്തിൽ ഈ ഭക്തി ഫലരൂപമാണ്; സാധനാപരമല്ല. ഏതൊരു ഭക്തിയെ ജ്ഞാനാനുഷ്ഠാനമായി കണക്കാക്കുന്നുവോ അത് ഗൌണിയും സാധാരണോപാസനയുമാണ്; പ്രേമരൂപമായ ഭക്തിയല്ല പ്രേമരൂപമായ ഭക്തിയാകട്ടെ എല്ലാ ആരാധനകളുടേയും ഫലമാകുന്നു.

നാനാകർമ്മം, വ്രതം, സംയമന, മഖ, ജപം
യോഗ, മെന്നല്ല വിദ്യാ,
ദാനം, തീർത്ഥാടനം തൊട്ടവയുടെ സുകൃതം
സർവ്വവും സാധ്യസാദ്ധ്യം
ധ്യാനാധീനൻ യശോദാജനനസുഫലമാം
മാധവപ്രേമഭക്ത്യാ
നൂനം സഞ്ജാതമാകും ദ്രുതതരമധുനാ
ദേഹികൾക്കെന്നു സിദ്ധം.

സൂത്രം:— 27. ഈശ്വരസ്യാപ്യഭിമാനദ്വേഷിത്വാദ് ദൈന്യപ്രിയത്വാച്ച.

ഈശ്വരനുപോലും അഭിമാനംകൊണ്ട് ദ്വേഷഭാവവും ദൈന്യംകൊണ്ട് പ്രിയഭാവവും ഉണ്ടാവുന്നു.

കർമ്മം ജ്ഞാനം യോഗം ഇവയുടെ സാദ്ധ്യതകൾ തൻെറ ബലം അഭിമാനം അനുഷ്ഠാനം എന്നിത്യാദികൊണ്ട് ഉണ്ടായേക്കാം. എന്നാൽ ഭഗവാന് ദർപ്പാപഹാരി എന്നൊരു പര്യായംകൂടിയുണ്ടെന്ന് ഓർമ്മിക്കണം. വാസ്തവത്തിൽ ഭഗവാന് ഒന്നിലും ദ്വേഷമില്ല; രാഗവുമില്ല. അദ്ദേഹത്തിന് എല്ലാം സമമാണ്. അദ്ദേഹം എല്ലാവരേയും രക്ഷിക്കുന്നു. പക്ഷെ രക്ഷയുടെ രീതി പലവിധ

ത്തിലായിരിക്കുമെന്നു മാത്രം. അഭിമാനിയെ ഉദ്ധരിക്കുന്നതു് ശിക്ഷിച്ചിട്ടും; ദുഃഖിതനായ സേവകനെ പ്രേമത്തോടുകൂടി ആലിംഗനം ചെയ്തിട്ടുമാണ്. അതുകൊണ്ടു് ഭഗവാൻെറ വൈരത്തെക്കൂടി വരത്തിനു തുല്യമായി കണക്കാക്കുന്നു. അഭിമാനികളോടു ഭഗവാൻ ശത്രുക്കളോടെന്നപോലെ കളിയാടുന്നു; ദൈന്യരോടാകട്ടെ പ്രേമികളോടെന്നപോലെയും. അതുകൊണ്ടാണ് അദ്ദേഹത്തിന്നു് ദീനബന്ധു, അശരണശരണൻ ഇത്യാദി പേരുകളുണ്ടായതു്. യഥാൎത്ഥത്തിൽ അദ്ദേഹത്തിന്നു് അഭിമാനികളോടും പ്രേമംതന്നെയാണുള്ളതു്. അതുകൊണ്ടുതന്നെയാണ് അദ്ദേഹം അവരുടെ അഭിമാനത്തെ നശിപ്പിക്കുന്നതും.

ഔഷധം പുടപാകത്താ-
ലെന്നപോൽ ദുഷ്ടരേയുമേ
ശോധനംചെയ്വു ഭഗവാൻ
ശിക്ഷണകൌശലങ്ങളാൽ.

വാസ്തവത്തിൽ:—

ജന്മമേ സങ്കട കാരണമെങ്കിലോ
മിഥ്യാഭിമാന മനേകദുഃഖപ്രദം
ആയതുപേക്ഷിപ്പവനെക്കൃപാനിധി-
യായ ഭഗവാൻ നിരന്തരം പ്രേമിപ്പൂ.

അതുകൊണ്ടു്,

ഗൎവ്വെന്നിലേശാതകററി, സ്സരളമാം
ഭാവമൊന്നിങ്ങരുളേണമേ ദൈവമേ !

ഇങ്ങനെയൊക്കെയാണെങ്കിലും ശിക്ഷാവിഷയത്തിൽ ഭഗവാൻ തൻെറ വൈരം പ്രസ്പഷ്ടമായിക്കാണിക്കാൻ തീരെ മടിക്കുന്നില്ല. എന്നാൽ ദീനനും വിനീതനുമായ ദരിദ്രനെ അദ്ദേഹം ആത്മാൎത്ഥമായി ഉപഗ്രഹനം ചെയ്യുന്നു. അയാൾക്കുവേണ്ടി വളരെ നിസ്സാരമായ പ്രവൃത്തി ചെയ്യുന്നതിന്നു കൂടി സങ്കോചിക്കുന്നില്ല. ഭക്തജനമാകട്ടെ സ്വാഭാവികമായിത്തന്നെ അദ്ദേഹത്തെ കിങ്കരനാണെന്നു കരുതുന്നു. അവർ പറയുന്നു:—

എല്ലാംകൊണ്ടും പരാധീനൻ
സൎവ്വസാധനഹീനനും
ദീനൻ ഹാ! പാപപീനൻമേ
ശ്രീകൃഷ്ണൻ മാത്രമാശ്രയം

മനുഷ്യർ ധനം, മാനം, വൈഭവം മുതലായവയുടെ അഭാവം

കൊണ്ടു് വ്യാകുലനായി, അതുകളെ പ്രാപിക്കുന്നതിന്നു് ആയാസപ്പെടുന്ന അവസ്ഥക്കല്ല ദീനത എന്നു പറയുന്നതു്. വലിയ വലിയ വൈഭവശാലികൾക്കും, സാമ്രാട്ടുകൾക്കും കൂടി ഭഗവൽകൃപകൊണ്ടു മാത്രം സിദ്ധിക്കാവുന്ന നിരഭിമാനതയുടെയും അഹങ്കാരശൂന്യതയുടേയും പൎയ്യായമാണു് ഈ ദീനത എന്നു പറയുന്നതു്. ഈ ദീനത എന്ന ശബ്ദത്തിന്റെ അൎത്ഥം, അഭിമാനത്തിന്റേയും, കൎത്തൃത്വാഹങ്കാരത്തിന്റേയും നാശമെന്നായിരിക്കണം. ഞാനെന്നും, എന്റേതെന്നും ഒന്നില്ല; ഉള്ളതെല്ലാം ഭഗവാന്റേതാണു്, ഭഗവാനാണു്. എല്ലാം അദ്ദേഹത്തിന്റെ ശക്തിയാണു്; എല്ലാം അദ്ദേഹത്തിന്റെ പ്രേരണകൊണ്ടുണ്ടാവുന്നു. കരണവും കാരണവും അദ്ദേഹംതന്നെയാണു്. ഇതു് പ്രധാനമായി അറിഞ്ഞിരിക്കേണ്ട ഒരു സംഗതിയാണു്.

എന്നാൽ ഭഗവാന്റെ ഈ പ്രിയദീനാനുകമ്പ അത്ര സുലഭമായി പ്രാപിക്കാമെന്നു കരുതേണ്ട. അഭിമാനം തീരെ വിട്ടുപോകാതെ ദീനത വന്നുചേരുന്നതല്ല. വൎണ്ണം, ജാതി, ധനം, മാനം, വിദ്യ, അനുഷ്ഠാനം, സ്വാസ്ഥ്യം മുതലായവയെക്കുറിച്ചുള്ള അഭിമാനവും, കപടം, അഹങ്കാരം തുടങ്ങിയവയും മനുഷ്യനിൽ അങ്ങനെ ദീനത സഞ്ജാതമാകുവാൻ സമ്മതിക്കുന്നില്ല. മനുഷ്യൻ ദംഭോടുകൂടി ബാഹ്യമായി ദീനത നടിക്കുന്നു. ഭഗവാന്റെ മുമ്പാകെ തന്നെ ദീനനായി ചിത്രീകരിക്കുന്നു! കള്ളക്കരച്ചൽ തിമൎക്കുന്നു! എന്നാൽ അയാളുടെ ദീനതയെക്കുറിച്ചുള്ള പരീക്ഷ നടക്കുന്നതു്, വിലപിടിച്ച ലൌകികപദാൎത്ഥങ്ങളും മററും കിട്ടുമ്പോൾക്കൂടി സ്വാഭാവികമായി ആ ഗുണം അയാളിൽ പ്രകടമാവുന്നുണ്ടോ ഇല്ലയോ? എന്നുള്ളിടത്താണു്. മററുള്ളവരുടെ സമക്ഷം തന്നേക്കാൾ ഹീനസ്ഥിതിയിലുള്ളവരെ ദീനനെന്നും പാപിയെന്നും വിളിക്കുന്നതിനെ കേവലം സമ്മതിക്കാതിരിക്കുകയും, എന്നുമാത്രമല്ല അവരെ സത്യം പറഞ്ഞു മനസ്സിലാക്കി സന്തോഷിക്കുകയും; പ്രഭുവിനെ പ്രാപിക്കുവാൻ വേണ്ടി സദൈവ ചിത്തം ഖിന്നമായിരിക്കുകയും ചെയ്യുന്ന ഖിന്നൻ—ദീനൻ ഭഗവാനു് ഏററവും ഇഷ്ടനാകുന്നു. യഥാൎത്ഥമായ ഭക്തിയിൽ തന്റെ പുരുഷാൎത്ഥത്തെ, അല്ലെങ്കിൽ അനുഷ്ഠാനത്തെക്കുറിച്ചു് അഭിമാനം തോന്നുന്നതല്ല. അതുകൊണ്ടു് ഭക്തി ശ്രേഷ്ഠമാകുന്നു.

28. തസ്യാജ്ഞാനമേവ സാധനമിത്യേക.

ചില ആചാൎയ്യന്മാരുടെ അഭിപ്രായം, അങ്ങനെയുള്ളവരുടെ

ഭക്തിയുടെ സാധന (ആചരണം) ജ്ഞാനം മാത്രമാണെന്നാണ്.

എങ്കിലും, ഞാൻ യാതൊരു ഭഗവാനെ പ്രേമിക്കുന്നുവോ അദ്ദേഹം തന്നെയാണ് എല്ലാവരുടേയും സ്വാമി, എല്ലാററിന്നും ആധാരം, എല്ലാവക്കും മഹേശ്വരൻ, ജഗൽസൃഷ്ടി സ്ഥിതിസംഹാരങ്ങൾ ചെയ്യുന്നവൻ, മയാപതി, അജൻ, അവിനാശി, സവ്വശക്തൻ, സവ്വജ്ഞൻ, സവ്വാത്മൻ, നിഗ്ഗുണൻ, നിവ്വികാരൻ, നിരാകാരൻ, സഗുണൻ, സംഹാരഭഗവാൻ! അദ്ദേഹത്തേക്കാൾ ശ്രേഷ്ഠമായി മറെറാന്നില്ല. ഈ ബോധം ഭക്തിയെക്കുറിച്ച് അവശ്യം ഉണ്ടായിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഇത്രയും ജ്ഞാനമില്ലെങ്കിൽ ശ്രദ്ധയുണ്ടാവില്ല; ശ്രദ്ധകൂടാതെ പ്രീതിയുണ്ടാവുന്നതല്ല; പ്രീതികൂടാതെ ഭക്തി ദൃഢമായിഭവിക്കുന്നതുമല്ല!

നന്നായ്ബോധം വരാതൊന്നിനെയുമുടനുടൻ
വിശ്വസിക്കില്ല മറമം
വിശ്വാസം വന്നിടാതെ പ്രണയമണയുകി-
ല്ലൊന്നിലും നല്ലവണ്ണം
പ്രേമംകൂടാതെ ഭക്തിക്കൊരുദൃഢതവരി-
ല്ലക്ഭൊസ്സേററിടാതെ
നിന്നാലെന്നും ജലം തെല്ലൊരു തെളിമയെഴി-
ല്ലെന്നു ലോകപ്രസിദ്ധം!

എന്നാൽ ഇതിൽ അദ്വൈത ജ്ഞാനസാധതയുടെ ആവശ്യമേയില്ല. കേവലം ശ്രദ്ധകൊണ്ടും, ഭാവംകൊണ്ടും തന്നെ പരമാത്മാവിലുള്ള ഭക്തിയെ പ്രാപിക്കാം. ഗൃദ്ധ്രരാജനായ ജടായുസ്സ്, ഇന്ദ്രദ്യുമ്നഗജേന്ദ്രൻ, ധ്രുവൻ, ശബരി മുതലായവർ കേവലം ഭഗവാനിലുള്ള അത്തരം ഭക്തികൊണ്ടു തന്നെ അദ്ദേഹത്തെ പ്രാപിച്ചവരാണ്.

29. അന്യോന്യാശ്രയത്വമിത്യന്യേ.

മററു ചില ആചാൎയ്യന്മാരുടെ അഭിപ്രായം ഭക്തിയും ജ്ഞാനവും പരസ്പരം ആശ്രയിച്ചിരിക്കുന്നുവെന്നാണ്.

അതും ശരിതന്നെയാണ്. ഗൌണിയായ ഭക്തികൊണ്ടു ഭഗവാൻെറ തത്വത്തെക്കുറിച്ചു ജ്ഞാനമുണ്ടാവുകയും തത്വത്തെസ്സംബന്ധിച്ച പരിജ്ഞാനമുണ്ടാവുന്നതുകൊണ്ടു ഭഗവാനിൽ അത്യന്തപ്രേമം ജനിക്കുകയും ചെയ്യുന്നു. എന്നാൽ കേവലം ഭക്തിയെ ഇഷ്ടപ്പെടുന്നവർ ഈ മതത്തെയൊന്നും വകവെക്കുന്നില്ല. എന്തുകൊണ്ടെന്നാൽ നിമ്മലപ്രേമരൂപമായ ഭക്തിയുടെ പൂണ്ണോദയമുണ്ടാക

മ്പോൾ ഒന്നിൻേറയും ജ്ഞാനത്തിന്നു വേറിട്ടുനില്ക്കുവാൻ കഴിയുന്ന തല്ല എന്നു അവക്കു നല്ലവണ്ണമറിയാം. പ്രേമിക്കുന്നവനും പ്രേമിക്കപ്പെടുന്നവനും തമ്മിൽ ഒന്നായിത്തീരുമ്പോൾ ആക്കു ആരെക്കുറിച്ചുള്ള ജ്ഞാനമാണുണ്ടാവുക? അല്ലെങ്കിൽ ഉണ്ടാവാതിരിക്കുക.

30. സ്വയം ഫലരൂപതേതി ബ്രഹ്മകുമാരാഃ *

ബ്രഹ്മപുത്രന്മാരായ സനൽകുമാരാദികളുടേയും നാരദൻേറയും അഭിപ്രായത്തിൽ ഭക്തി സ്വയം ഫലരൂപമാണെന്നാണ്.

അതുകൊണ്ടു് ഈ ഭക്തിതന്നെ സാധനയും സാദ്ധ്യവുമാകുന്നു. മൂലവും ഫലവും അതുതന്നെയാണ്. ഭക്തഗണം ഭക്തിയെ സാധിക്കുവാൻ വേണ്ടിത്തന്നെയാണ് അതിനെ പ്രകടിപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഭക്തി സ്വയം ഫലരൂപമാണ്. അതു യാതൊരു ഉപാസനകൊണ്ടും ലഭിക്കാത്തതാണ്. അതിൽക്കവിഞ്ഞു് ശ്രേഷ്ഠമായ ഒരു വസ്തുവില്ല. അത്തരം ഒരു ഉപാസനകൊണ്ടുമാത്രമേ അതിനെ പ്രാപിക്കുവാൻ കഴികയുള്ളൂ.

ജ്ഞാനവിജ്ഞാനങ്ങൾ കൊണ്ടായതുനേടാമെന്നു
മാനസെ കരുതുന്നതത്രയും മൌഢ്യംമാത്രം!
മംഗളാകാരൻ മായാവല്ലഭൻ കനിയുകിൽ
സംഗതിക്കുട്ടമതിനെന്നത്രേ കരുതേണ്ടു!

(തുടരും)

---

# അദ്വൈതനടനം

(സ്വാമി രാമാനന്ദൻ—അദ്വൈതസിദ്ധാശ്രമം)

അണു നടനമേടയിൽ ഗുരുഗിരിയിലാത്തുഷ്ട
മണിമകുടഭൂഷണം നടനമിടവെ തൻെറ
അണിചരണതാഡനം പ്രണവനിനദാനന്ദ
മണിചരണഭൂഷണം ചൊരിയുമതി സുന്ദരം
ശ്രുതിമധുരമദ്വൈത മതസുരഭി പൂശിട്ട-
ന്നതു പരമനിർവ്വാണ ഘനമധുരമായിടും

---

* "ബ്രഹ്മകുമാരഃ' എന്നു ചില പ്രാചീനഗ്രന്ഥങ്ങളിൽ പാഠഭേദം കാണുന്നു.

ശ്രുതിസുഖദ സുന്ദരം നിനദമതു കേൾക്കുവാൻ
മതജനതസാദരം മതിമുഴുതുമേകുന്നു.
ശ്രവണമധുവാകുമാ നിനദമതുമാക്ഷിതം
നവമധുരമാനന്ദ മതിയമൃതമായീടും
നടനമൂട്ടനാദരസമടയുവതിനേലാതെ-
യിടരലയിലാഴുന്നു നയനകരണാദികൾ
പ്രിയവിഷയമില്ലൊട്ടുമതു നിനദ ദൃക്കിന്റെ
മയമതുലമേകമാം നിയമപരമില്ലതിൽ
കരണഗുണമില്ലാത്ത കരുവിങ്കൽ കരണങ്ങ
ളുരസനിലയടയാതെ കഴിവില്ല കഴിയുവാൻ
അനുഭൂതിയടയാത്ത തനിമത വിഭാഗങ്ങ-
ളനിശമതുപാത്താല്പമനുഭൂതിയടയില്ല
അതുലരസമാനന്ദഗതിവിജയമാന്നാത്മ
മതിവിജയമാകുമ്പോഴുതുതന്നിതെളിഞ്ഞിടും
ദമഗുണവുമാ ശ്രേഷ്ഠശമഗുണവുമാന്നാത്മ
സമനിലയിലാവൃത്തി സുമസുരഭിപൂത്തുകിൽ
ഇതരതരമല്ലാത്ത മതികരണസൂക്ഷ്മതനു
ഗതിവായുപരമാണുപരമായി ചെറുതായി
അതുലനടനാടിയിൽ നുഴയുമതുസമയ
മതുസരസതുരിയപ്പുതുതെളിവിൻതെളിയാം
അറിയില്ലഭിന്നമതമാന്ന മതമീനിനദ
സാരരസമന്ധനുരു കണ്ടറിവുദിച്ചിടുമൊ
മതികരണവേഗങ്ങൾ മതിയാലെ തടയുന്ന
മതിവിജയമേകീടിലതു വിലയമാന്നിടും
അനൂതനവനടന നിനദമിതി ജനതാ
മനനമതിനവീനതനുസരസമേകുന്നു
വിവിധനിലയാന്നാഴി നുരയലയായ്ക്കണ്ടാലും
അവികലിതം നീരത്രേപേരുരുവം മാറുകിലും
ഏകമതനേകതയിലേക വടിവാന്നഖില
മേകതയിലാമഖിലമേകമറിവീവിധമായ്
ചാരുനടനം വിമലമാറ്റൊലി ജഗത്തുണരു
മാറുനടമാടുമടിവാരൊളിതരും വിജയം.

# ഊർമിള

സി. ദാമോദരമേനോൻ, വിലങ്ങൻ.

ദൃശ്യപ്രപഞ്ചത്തിലെന്നപോലെ കവിസൃഷ്ടമായ ഭാവനാലോകത്തിലും എണ്ണപ്പെട്ട കഥാപാത്രങ്ങൾ അർഹിക്കത്തക്ക പരിഗണനാ ലഭിക്കാതെ അശ്രദ്ധയുടെ പൊടിപുരണ്ടു കിടക്കുന്നുണ്ടു്. വിശ്വപ്രപഞ്ചത്തിൽ അത്തരം വ്യക്തികൾ പരിഗണിക്കപ്പെടുന്നില്ലെങ്കിൽ അതിനു കാരണം അവരുടെ അസാമാന്യമായ മാനുഷിക പ്രവണതകൾക്കു പൊതുജനശ്രദ്ധയെ ആകർഷിച്ചു വികസിക്കത്തക്ക സാഹചര്യമില്ലാത്തതൊ അല്ലെങ്കിൽ പ്രശസ്തി വൈമുഖ്യത്താൽ അതിന്റെ ഉടമകൾതന്നെ ബോധപൂർവ്വം അതിനൊരുമ്പെടാത്തതൊ ആയിരിക്കണം. കവിഭാവനയിൽ ഉയിരെടുക്കുന്ന കഥാപാത്രങ്ങളുടെ പ്രാധാന്യങ്ങളാകട്ടെ കവിയുടെ ഇച്ഛാശക്തിയിലാണ് വേരൂന്നിനില്ക്കുന്നതു്.

കവിഭാവനയുടെ പ്രതിരൂപാത്മകങ്ങളായ ചില കഥാപാത്രങ്ങൾ കഥാഗതിയിലൂടെ വ്യാപരിക്കുമ്പോൾ സജീവവ്യക്തികളായി മാറുന്നതു ഒട്ടും അപൂർവ്വമല്ല. കവിയുടെ രചനാപാടവമാണ് ഈ സജീവതക്കു കാരണം. കഥാഗതിയിൽ പാത്രങ്ങൾക്കുള്ള പ്രാമുഖ്യവും ഇക്കാര്യത്തിൽ കവിതക്കു സഹായകമാകുന്നുണ്ടെന്നു സമ്മതിക്കണം. എന്നാൽ കഥാഗതിയിൽ വലിയ പ്രാമുഖ്യമില്ലാത്തതിനാലും വർണ്ണനക്കധികം വിഷയമാകാത്തതിനാലും പ്രഥമവീക്ഷണത്തിൽ ഒട്ടും പരിഗണനമർഹിക്കുന്നില്ലെന്നു തോന്നിപ്പോകുന്ന ചില പാത്രങ്ങളിൽക്കൂടി കഥയുടെ കാതലായ ജീവവായു പ്രസരിക്കുന്നതു കാണാം. ഈ തത്വം മനസ്സിൽവെച്ചുകൊണ്ടു വേണം ആദികാവ്യമായ രാമായണത്തിലെ ഊർമ്മിളയെ വീക്ഷിക്കുവാൻ.

പറയത്തക്ക പ്രാമുഖ്യമില്ലാതെ സാധാരണ കഥാപാത്രങ്ങളെപ്പോലെ ഊർമ്മിളയും വായനക്കാരന്റെ പ്രത്യേക ശ്രദ്ധയെ ആകർഷിക്കാതെ കഥാഗതിയിലൂടെ കടന്നുപോകുമ്പോൾ ആദികവി, ഊർമ്മിളയുടെ കാര്യത്തിൽ അല്പമൊരു ഉദാസീന ഭാവമല്ലെ പ്രദർശിപ്പിക്കുന്നതെന്നു തോന്നാം. ക്രൗഞ്ചവധോദ്യുക്തതയിൽ പരദുഃഖകാതരനായ കവി, പതിവിയോഗവിധുരയും നവോഢയുമായ ഊർമ്മിളയെ സാധാരണമട്ടിൽ പ്രദർശിപ്പിക്കുക മാത്രമെ ചെയ്തിട്ടുള്ളു. അതായതു് ഊർമ്മിളയുടെ ദൈന്യതയിൽ അനുതാപാകുലമായ

പ്രത്യേക വീക്ഷണഗതി വാല്മീകി കൈക്കൊണ്ടിട്ടില്ല എന്നു സാരം. രാമായണത്തിൽ ഉടനീളം സ്ഫുരിക്കുന്ന സീതയുടെ ഉജ്ജ്വലവ്യക്തിത്വത്തോടു എന്തുകൊണ്ടും കിടപിടിക്കുന്നതുതന്നെയാണ് ഊർമ്മിളയുടേതും. എന്നിട്ടും കവി, മാണ്ഡവി ശ്രുതകീർത്തികളോടൊപ്പം സാധാരണ സ്ഥാനമേ ഊർമ്മിളക്കും നല്കിയിട്ടുള്ളു. സ്വയംവരമണ്ഡപത്തിൽ മററു കുമാരികളോടൊപ്പം കവി ഊർമ്മിളയെ പ്രദർശിപ്പിക്കുന്നതല്ലാതെ പിന്നീടുള്ള കഥാഗതിയിൽ സന്ദർഭമുണ്ടായിട്ടും സീതയോടൊപ്പം പറയത്തക്ക സ്ഥാനമൊന്നും നല്കിക്കാണുന്നില്ല.

വിവാഹാനന്തരം എന്തെല്ലാം മോഹനപ്രതീക്ഷകളോടും സുന്ദരസ്വപ്നങ്ങളോടുംകൂടിയായിരിക്കണം ആ നാലു കുമാരിമാരും അയോദ്ധ്യയിലേക്കു വന്നിട്ടുണ്ടായിരിക്കുക. അപ്രതീക്ഷിതമായ രാമപ്രവാസംമൂലം ആർക്കാണ് കൂടുതൽ ത്യാഗമനുഭവിക്കേണ്ടിവന്നതു്? ഇവയെല്ലാം പര്യാലോചനാവിഷയമാകുമ്പോഴാണ്, വാല്മീകി അടപ്പിട്ടുറപ്പിച്ചിരിക്കുന്ന ഊർമ്മിളയുടെ ഊഷ്മളമായ സജീവവ്യക്തിത്വം, അടപ്പിനെ തെറിപ്പിച്ചുകൊണ്ടു് മേലോട്ടു തള്ളിക്കുതിക്കുന്നതായി അനുഭവപ്പെടുന്നതു്.

ഏതു തത്വത്തിന്റെ ബലത്തിലാണോ സീതയുടെ രാമാനുഗമനം ശ്രീരാമനാലും അനിഷേധ്യമായതു് ആ തത്വം ഊർമ്മിളക്കജ്ഞാതമായിരുന്നതുകൊണ്ടാണോ അവർ ലക്ഷ്മണനെ പിൻതുടരുവാൻ ധൈര്യം പിടിക്കാതിരുന്നതു്? ഏതവസ്ഥയിലും ഭർത്തൃസഹചാരിണിയായിരിക്കുക എന്ന പതിവ്രതാധർമ്മം ഊർമ്മിളക്കജ്ഞാതമായിരുന്നുവോ? വനവാസക്ലേശവൈമുഖ്യംകൊണ്ടായിരുന്നുവോ ഊർമ്മിള തന്റെ നാഥനെ അനുഗമിക്കാതിരുന്നതു്? അല്ല, ഇതൊന്നുമല്ല. ഭർത്തൃഹിതൈഷിണിയായ ഊർമ്മിള അവളുടെ കർത്തവ്യം അറിഞ്ഞു---സീതയേക്കാൾ കൂടുതൽ അതുതന്നെയാണ് ഊർമ്മിള സീതയേക്കാൾ ഒരു പടി ഉയർന്നുനില്ക്കുന്നവളാണെന്നു പറയുവാൻ കാരണം.

ഭ്രാതൃശുശ്രൂഷയാണ് തന്റെ ഭർത്താവിന്റെ ജീവിതവ്രതമെന്നും ഊർമ്മിളക്കറിയാം. വനത്തിൽ തന്റെ സാന്നിധ്യം ഭർത്താവിനെ കൃത്യവിലോപിയാക്കുമെന്നു ഊർമ്മിള ദീർഘദർശനം ചെയ്തു. പുരുഷന്റെ ദൌർബ്ബല്യമറിയുന്ന സ്ത്രീയുടെ വിവേകം! ഭർത്തൃഹിതത്തിനുവേണ്ടി പതിന്നാലുകൊല്ലത്തെ നീണ്ട വിയോഗത്തിനു്—ഒരു നവവധുവിനു വിചാരിക്കുവാൻപോലും സാധിക്കാത്ത സാഹ

സത്തിന്—അവൾ സധൈര്യം തയാറായി. അതും ഏതു സമയത്തു്? ഭർത്തൃസുഖഭോഗങ്ങളിൽ അലംഭാവം വന്നിട്ടില്ലാത്ത വിവാഹാസന്നഭാവിയിൽ! ഒരു നവതരുണിയുടെ ജീവിതം തകരുവാൻ ഇതിൽപരം എന്തുവേണം? പതിന്നാലു നീണ്ട വർഷങ്ങളുടെ പിന്നിലത്തെ പ്രതീക്ഷകളോ, വെറും മരുമരീചിക മാത്രം! യൌവനം വററിയും വാർദ്ധക്യം മുററിയും വരുവാനിരിക്കുന്ന അവളുടെ മെയ്യിൽ മാധുര്യമൂറുന്ന എന്തുണ്ടു് പതിനഞ്ചാം വർഷത്തിൽ ചാരത്തണയുന്ന ആത്മനാഥനു കാണിക്കവെയ്ക്കുവാൻ? എല്ലാമറിഞ്ഞിരുന്നിട്ടും അവൾ ഭർത്തൃഹിതത്തിനുവേണ്ടി ത്യാഗത്തിന്റെ ബലിവേദിയിൽ സുഖാഭിലാഷങ്ങളെ സസന്തോഷം ഹോമിച്ചു.

ഊർമ്മിള ഭർത്തൃപരായണതയിൽ സീതയെ അനുകരിച്ചില്ല. ശരിതന്നെ. കാരണം മറെറാന്നുമല്ല. അനുജത്തിക്കു ജ്യേഷ്ഠത്തിയുടെ ഭർത്തൃപരായണത്വം സ്വസുഖനിരഭിലാഷമായി തോന്നിയില്ല. അതിനാൽ അവൾ ജ്യേഷ്ഠത്തിക്കു ഒരു പാഠമെന്നോണം സ്വസുഖനിരഭിലാഷമായ ഭർത്തൃഹിതാചരണം—നിർമ്മായമായ പതിവ്രതാധർമ്മം—കൈക്കൊള്ളുവാൻ സന്നദ്ധയായി. ആ ജ്യേഷ്ഠാനുജത്തികൾക്കു സ്വകർമ്മാനുരൂപമായ ഫലവും കിട്ടി. പതിവ്രതാധർമ്മത്തിന്റെ പേരിൽ ഭർത്തൃസുഖലോഭിനിയായിട്ടല്ലെ വാസ്തവത്തിൽ സീത കാട്ടിലേക്കു ചാടിപ്പുറപ്പെട്ടതു്? പ്രതീക്ഷിച്ച ഭർത്തൃസുഖം സീതക്കു ലഭിച്ചുവൊ? ഭർത്താവിൽനിന്നുമാത്രമല്ല സ്വജനവർഗ്ഗങ്ങളിൽനിന്നു വിട്ടു് ഭിന്നവർഗ്ഗത്തിന്റെ ഇടയിൽപെട്ടു സീത വിയോഗദുഃഖം അനുഭവിച്ചു. എന്തൊരു വിപരീതാനുഭവം! വിധിവിഹിതമായ അത്യാഹിതത്തെ പരിഹരിക്കുവാൻ ബുദ്ധിമാനായ മനുഷ്യൻ എത്രത്തോളം മുൻകരുതൽ എടുക്കുന്നുവൊ അത്രത്തോളം ദുരന്തമായ ദുഷ്പരിണാമത്തിലേക്കു ഘടകുടീന്യായേന ആ സാധു ചെന്നുവീഴുന്ന കാഴ്ചയുടെ അർത്ഥവാദരീത്യായുള്ള ചിത്രണമല്ലെ ആദികവി, സീതയുടെ അനുഭവംകൊണ്ടു് കാട്ടിത്തരുന്നതു്? എന്നാൽ "ഈശ്വരൻ വരുത്തുന്നതെന്തും സഹിഷ്ണുതയോടും ഈശ്വരാർപ്പണബുദ്ധിയോടുംകൂടി അഭിമുഖീകരിക്കുവാനുള്ള സന്നദ്ധത ആ അത്യാഹിതത്തിൽനിന്നും കരകയററുന്നതാ"ണെന്നുള്ള തത്വമാണു് ഊർമ്മിളയിൽകൂടി നാം ഗ്രഹിക്കേണ്ട കവിസന്ദേശം. സുലോചന, തന്റെ ഭർത്താവായ ഇന്ദ്രജിത്തിന്റെ ഛിന്നശിരസ്സു് കയ്യിലെടുത്തുകൊണ്ടു് ശ്രീരാമസന്നിധിയിൽവെച്ചു പറയുന്നുണ്ടു്—അവളുടെ ഭർത്തൃവധത്തിനു ലക്ഷ്മണനെ പ്രാപ്തനാക്കിയതു് പതിവ്രതാ

ശിരോമണിയായ ഊർമ്മിളയുടെ തപശ്ചര്യയാണെന്നു; ധിക്കൃതശ ക്രപരാക്രമനാകിയ ഇന്ദ്രജിത്തിന്റെ വധം സാധിതമായതു്, ലക്ഷ്മണന്റെ ദുരന്തബ്രഹ്മചര്യത്താലല്ല, ഊർമ്മിളയുടെ ഇച്ഛാപൂൎവ്വമായ ഇന്ദ്രിയനിഗ്രഹത്താലാണെന്നാണു് സുലോചന പറയുന്നതിനൎത്ഥം.

കാവ്യത്തിൽ ഊൎമ്മിളക്കു ക്രിയാത്മകമായ പ്രാമുഖ്യം നല്കിയിട്ടില്ലെങ്കിലും പാത്രസന്നിവേശക്രമംകൊണ്ടു് ഊൎമ്മിളയെ മഹതപശാലിനിയാക്കിത്തീൎക്കുവാൻ കവിക്കു കഴിഞ്ഞിട്ടുണ്ടെന്നു സമാധാനിക്കാം. ഒരു പക്ഷേ അൎത്ഥഗൎഭമായിരിക്കാം ഊൎമ്മിളാവിഷയകമായ കവിയുടെ മൂകത. "നഹി കസ്തൂരികാമോദഃ ശപഥേന പ്രവിഭാവ്യതെ" എന്നുണ്ടല്ലോ.

രാമായണംകൊണ്ടു കൈകാര്യം ചെയ്തിട്ടുള്ള മററു കവികളും ഊൎമ്മിളാവിഷയത്തിൽ വാല്മീകിയെത്തന്നെ അനുകരിക്കുകയാണു് ചെയ്തിട്ടുള്ളതു്. തുളസീദാസൻ ശ്രീരാമന്റെ വനഗമനവേളയിൽ ഊർമ്മിളയെ അവതരിപ്പിക്കുകപോലും ചെയ്യുന്നില്ല. ഭവഭൂതി ഊർമ്മിളയോടു് അല്പം അനുഭാവം കാണിക്കുന്നുണ്ടു്. വനവാസവും രാവണനിഗ്രഹവും കഴിഞ്ഞു് എല്ലാവരും അയോദ്ധ്യയിൽ തിരിച്ചെത്തിയ ശേഷം ചിത്രശാലയിൽവെച്ചു സീത ഊർമ്മിളയുടെ പടം ചൂണ്ടിക്കൊണ്ടു് അതാരാണെന്നു ലക്ഷ്മണനോടു ചോദിക്കുന്നു. ലജ്ജാവനതനായ ലക്ഷ്മണൻ ജ്യേഷ്ഠത്തിയുടെ പരിഹാസവാഞ്ഛയറിഞ്ഞു് ആ പടം കൈകൊണ്ടു് ആച്ഛാദനം ചെയ്യുന്നു. ഇങ്ങിനെ ഒരു സന്ദൎഭം ഉത്തരരാമചരിതത്തിൽ ഭവഭൂതി സൃഷ്ടിച്ചിട്ടുണ്ടു്. പടത്തിന്റെ ആ ആച്ഛാദനത്തോടുകൂടി ഊർമ്മിളയും എതാണ്ടു് ആച്ഛാദിതമായ മട്ടാണു് കവികളുടെ ദൃഷ്ടിയിൽ. എന്തു ചെയ്യാം!

# കർമ്മബന്ധം

(ഏ. വി. ശങ്കരൻ, ഗവ: വിക്ടോറിയ കോളേജ്, പാലക്കാട്)

കിഴക്കാം, ചക്രവാളപ്പൂങ്കാവിലമിതാഭ
കലരും പനിനീർപ്പൂ വിരിയാൻ ഭാവിയ്ക്കുമ്പോൾ
മാമകോദ്യാനം തന്നിലൊരിടത്തേകാന്തത്തി-
ലാമയഹീനം നില്ക്കും മലർ ചോദിച്ചു മന്ദം,
ചഞ്ചലരസബിന്ദുസദൃശാം പ്രകാശിച്ചു
മഞ്ജിമ തുളുമ്പുന്ന മഞ്ഞുതുള്ളിയോടായി:-
"അവിരതോൽഫുല്ലമാം കവിതൻ ഹൃദയത്തി-
ലവിചാരിതമായൊരാശയം വരുംപോലെ
ആരുമിങ്ങറിയാതെന്നുള്ളത്തിലെത്തിച്ചേർന്ന
ചാരുതയെഴുന്നൊരു കൊച്ചുകള്ളിയാം നീയാർ?"

മലരോടവളോതീ, "നീഹാരകണിക ഞാൻ,
വിലസദുഷസ്സന്ധ്യാസാഗരമുക്താഫലം!

"ആഴിയാം മഹാവനച്ഛാത്തിങ്ക, ലലകളാ-
മാനകൾ ചെയ്യും വപ്രക്രീഡകൾ കാൺകെക്കാൺകെ
സംഭൃതഭയാകുലചിത്തയാമെന്നെസ്സ്വയ-
മംബുജമിത്രം മിത്രൻ കൈതന്നു കരയേററി.
ഞാൻ കൃതജ്ഞത കാട്ടാൻ തുനിയും മുമ്പേതന്നെ-
യ, കൃപാനിധി ഹന്ത പോയ്മറഞ്ഞിതു ദൂരെ!
"ധാത്രിയിൽനിന്നും മേല്പോട്ടുയർന്ന രജനിയാം
ധാത്രിതൻ മാറിൽപ്പററി വിളങ്ങും ഞാനന്നേരം
കൂട്ടുകാരികളായ ചെറുതാരകളൊപ്പം-
മൊട്ടുമേ വിനയേല്ക്കാതങ്ങനെ വിഹരിയ്ക്കേ,
നിർമ്മലമന്ദാകിനീ മന്ദമാരുതനേററു
നിശ്ചലമുറങ്ങിപ്പോയ് തെല്ലുനേരമാ രാവിൽ!
മണമാർന്നാരക്തമാം നിൻ ഹൃദയത്തിലെന്നെ-
യുണർന്നു നോക്കുന്നേരം, കണ്ടു ഞാൻ കിടപ്പതായ്!

"പുല്ലിന്റെയധീരമാം തുമ്പിൽ ഞാൻ പതിച്ചെങ്കി-
ല,ല്ലലാലെൻ ജന്മം ഹാ ഗർഹണീയമായേനെ.

പ്രണയബന്ധമസ്സൽക്കർമ്മബന്ധമാണെന്നു
ഗണിപ്പൂ വിജ്ഞ;രതിലല്പം ഞാൻ ശങ്കിപ്പീലാ.
പ്രാണനാഥ, നീയെന്നെയെന്നൊന്നുമിതേവിധം
പ്രാണനെപ്പോലുള്ളത്തിലടക്കി വഹിച്ചാലും!"

പരിതോ വിഹരിയ്ക്കും കുളിർവായുവിലതി-
പരിതോഷത്തോടൊരു മൃദുലസ്മിതം തൂകി
മൃദുലം ദളാധരം ചലിപ്പിച്ചുലരെന്തോ
ഹൃദയം തുറന്നങ്ങു പറയാൻ മുതിരുമ്പോൾ
കാലചോദിതമായൊരജ്ഞാതഹസ്തം വന്നു
കാരണമെന്യേ നുള്ളിയതിനെത്താഴേ തള്ളി!

---

# ജീവിതവിജയം

[പി. ജി. എം.]

ജീവിതത്തിൽ വിജയം കരഗതമാവണമെങ്കിൽ അതിനുള്ള കോപ്പുകൾ ഉണ്ടാവണം. വെറുതെ ആശിച്ചതുകൊണ്ടു മാത്രമായില്ല. നല്ല സദ്യവട്ടത്തോടുകൂടി ഉണ്ണണമെന്നു മോഹിച്ചതുകൊണ്ടു മാത്രമെന്തായി? ഇന്നിന്നതൊക്കെ വേണമെന്നു തീർച്ചപ്പെടുത്തി, അതിനുവേണ്ടതൊക്കെ എങ്ങനെ ഒരുക്കണമെന്നു കണക്കാക്കി, ഓരോന്നായി ഒരുക്കൂട്ടി ആശ ഫലിപ്പിക്കുവാനുള്ള യത്നമാണ് ആവശ്യം. ഉപായംകൊണ്ടു ഒന്നുമാവില്ല.

ബലം, സ്ഥിരപരിശ്രമം, ഇളകാത്ത ഇച്ഛാശക്തി എന്നിവയാണു വിജയത്തിൽ നമ്മെ എത്തിക്കുക. പ്രവൃത്തി ഏതു രംഗത്തിലായാലും, ഏറെറടുത്ത വിഷയം ശക്തിക്കൊത്തവിധം സംപൂർണ്ണം നിറവേററുവാനുള്ള സന്നദ്ധതയാണാവശ്യം. എങ്ങനെ ചെയ്യുന്നു എന്നതാണു എന്തു ചെയ്യുന്നു എന്നതിനേക്കാൾ പ്രധാനം. പ്രകൃതിതന്നെ സഹജവാസനകൾ വഴിക്കു നമ്മെ നേർവഴിക്കു നയിക്കുന്നുണ്ടു്. അതു കണ്ടറിഞ്ഞു വഴങ്ങുന്നതിലാണു നമ്മുടെ നന്മ. എന്നും എത്തിപ്പിടിക്കുവാനുള്ളു ഘട്ടത്തേക്കാൾ അപായം കൂടാത്ത വഴി കിട്ടാവുന്നതിനെ വേണ്ടതുപോലെ ഉപയോഗപ്പെടുത്തുന്നതിലാണു്. വളച്ച് പ്രാപിക്കുംതോറും കനത്ത ഭാരവും വന്നുചേരും. ന:

കലത്തിനും മംഗളം വളത്തുവാൻ മഞ്ജുള കൈയ്യും നീട്ടി വത്തക്കുന്ന ഒരു ദിവ്യശക്തിയോടിണങ്ങി വിളങ്ങുവാനുള്ള കഴിവു മററു സൃഷ്ടികളേക്കാഠം കൂടുതൽ മനുഷ്യനാണുള്ളതു്.

പ്രവൃത്തി ശരിയാണെങ്കിൽ ഫലത്തെപ്പററി ആധിവേണ്ട. കമ്മഗതി ഗഹനമെങ്കിലും കായ്യകാരണബന്ധം അഭേദ്യമാണു്. മാൎഗ്ഗം ശരിയാണെങ്കിൽ ലക്ഷ്യത്തിൽ അല്ലാതെ എത്തുവാൻ തരമില്ലല്ലോ. ശ്രദ്ധമുഴുവൻ ഉപായങ്ങളിൽ കേന്ദ്രീകൃതമാവട്ടേ, ആദശം ഒരിക്കൽ ഉറപ്പിച്ചു കഴിഞ്ഞാൽ വിജയം നിശ്ചയം.

പ്രകൃതിയെ ആസ്വദിക്കുവാൻ കൊതിച്ചു കുതിക്കുന്ന മത്ത്യൻ, തേൻ കുടിക്കാൻ വന്ന ഈച്ച പാത്രത്തിലെ പശയിൽ കാലൊട്ടി കുടുങ്ങുന്നതുപോലെ, പ്രകൃതിയാൽ ബന്ധിതനായി കേഴുകയാണു ചെയ്യുന്നതു്. പ്രകൃതിയുടെ ഈശനാവേണ്ടവൻ ദാസനാവുന്നു. വല്ലാത്ത വൈപരീത്യം! ബാഹ്യപ്രകൃതിജയം മാത്രംകൊണ്ടു് ഈശത്വം സിദ്ധിക്കുന്നതല്ല. ആന്തരപ്രകൃതിയെത്തന്നെ അടക്കണം. പീരങ്കിക്കപ്പലിനു കടലെറുമ്പു ചാലായും, ഗഗനവീഥിക്കു് ആകാശവിമാനം ഗരുഡനായും തീന്നിട്ടുള്ള ഇക്കാലത്തും മനുഷ്യന്റെ ദാസ്യത്തിനു് ഇളക്കമെല്ല എററമാണുണ്ടായിട്ടുള്ളതെന്നു പരസ്യമല്ലേ? ജീവിതവിജയം കാംക്ഷിക്കുന്നവൻ ആന്തരജയത്തിൽ തന്നെയാണു പ്രധാനമായി ശ്രദ്ധിക്കേണ്ടതു്.

ജീവിതസുഖസൗകര്യങ്ങഠം പല തരത്തിലും വദ്ധിപ്പിക്കുവാൻ പുതിയ കണ്ടുപിടുത്തങ്ങഠം സമത്ഥമായിട്ടുണ്ടെന്നതു ശരിതന്നെ. വേദനയും കഷ്ടപ്പാടും കുറയ്ക്കുവാൻ തക്കവിധം അവയെ ഉപയോഗപ്പെടുത്തുന്നതു് അനുഗ്രഹമാവുകതന്നെ ചെയ്യും. പക്ഷേ, ചുരുക്കം ചിലരുടെ താല്ക്കാലിക സുഖത്തിനു പലരേയും പരിതപ്തരാക്കുന്ന പതിവു് അനത്ഥകരം തന്നെ. എന്നല്ല, സുഖസൗകര്യങ്ങളുടെ ആസ്വാദനം, അതിലും ഉപരിയായ തത്വങ്ങളിലേയ്ക്കു മനസ്സിന്റെ പ്രവത്തനങ്ങളെ ഉയത്തുവാൻ ഉപകാരപ്പെടുന്ന രീതിക്കുമാവണം. അല്ലാതെ ഭോഗവദ്ധനമാത്രം വളത്തിവരുവാൻ പററിയ മട്ടിലാവരുതു്. ഇവിടെയാണു് മഹനീയാദശങ്ങളുടെ ആവശ്യം പ്രത്യക്ഷപ്പെടുക. ജീവിതതത്വങ്ങളെ പാത്തുകണ്ടറിഞ്ഞ പൂവ്വാചായ്യന്മാരുടെയും അവരുടെ അനുഗാമികളുടെയും അനുശാസനങ്ങളാണു് താപതപ്തന്മാരായ ജനങ്ങഠംക്കു ആശ്വാസം അരുളുന്നതു്. പ്രതാപസമ്പത്തുകളിൽ ഭ്രമിച്ചു പ്രഖ്യാതിയും മേന്മയുമാശിച്ചു മാത്സയ്യപ്പാറയിലേററടിച്ചു തകരാനുള്ളതല്ല മനുഷ്യജീവിതം. കമ്മാനു

സ്വതം വന്നു ചേരുന്ന വിധിവിഹിതങ്ങളായ സുഖാനുഭവങ്ങളെക്കൊണ്ടു ചിത്തത്തെ വിനോദിപ്പിച്ച്, ഉപരിസത്യങ്ങളിലേയ്ക്കു അതിന്റെ ശ്രദ്ധയെ തിരിപ്പിക്കുകയാണു ചെയ്യേണ്ടതു്. ഏതൊന്നിനെയറിഞ്ഞാൽ മററൊന്നും അറിയേണ്ടതായിട്ടില്ലയോ, ഏതൊന്നു ലഭിച്ചാൽ നിത്യതൃപ്തിയും നിരാശ്രയത്വവും ലബ്ധമാവുമോ; അവിടെയെത്തുന്നതാണു് ജീവിതവിജയം. കുന്നോളം ധനം കൂട്ടിയാലും, എല്ലാ ഇന്ദ്രിയങ്ങളേയും ആവുന്നത്ര തൃപ്തിപ്പെടുത്തിയാലും; അസംതൃപ്തിയെ അകററാനാവില്ല. ദൌർബ്ബല്യം കൊണ്ടുള്ള അലച്ചിലുകളാണു് അത്തരം ഓട്ടങ്ങളൊക്കെ. ആത്മബോധം ഉറയ്ക്കുവാനുള്ള പണി ഒട്ടൊന്നുമല്ല, എങ്കിലും അതാണു ശരി എന്നു തോന്നാത്തതുകൊണ്ടുള്ള ആപത്തു് പെരുത്താണുതാനും. ദുഃഖത്തിൽ മനസ്സ് ഉദ്വിഗ്നമാവാതേയും, സുഖത്തിൽ ആഗ്രഹം കൂടാതേയും, രാഗഭയക്രോധങ്ങൾ ഇല്ലാതേയുമുള്ള ഉറച്ച ബുദ്ധി കൈവന്നവൻ സ്ഥിതപ്രജ്ഞനായി. അവന്റേതാണു് ജീവിതവിജയം. വ്രണത്തെ സ്വർണ്ണതകിടുകൊണ്ടു മൂടി തൽക്കാലം മറച്ചുവെച്ചു കൂടുതൽ കേടാക്കിത്തീർക്കാനുള്ള വാസന ആപത്തിന്നാണു്. അവനവന്റെ അശക്തികളെ കണ്ടറിഞ്ഞു് അകററുവാൻ നിരന്തരം പരിശ്രമിക്കുകയാണു് അവയെ സാധൂകരിക്കുവാനുള്ള കുയുക്തികൾ തേടിപ്പിടിക്കുന്നതിലും ഭേദം. ആത്മമഹിമ അഭംഗുരതേജസ്സോടെ ഉജ്ജ്വലിക്കട്ടെ, പതറാത്ത കാൽവെപ്പുകൾ നമ്മെ അനുഭൂതിയിലെത്തിക്കട്ടെ. അതാണു് ജീവിതവിജയം.

## 'പഞ്ചാക്ഷരസ്തോത്രം'

വിദ്വാൻ, വി. സി. കൃഷ്ണൻനായർ

നഗരാജാത്മജാകാന്തം, നവദുർഗ്ഗാസമന്വിതം;
നടരാജം വിഭുംദേവം, നമാമി പരമേശ്വരം. 1

മദനാരിം മഹാദേവം; മഘവാദിസുപൂജിതം;
മരണാർത്തിഹരം ദേവം, നമാമിപരമേശ്വരം. 2

ശിവലിംഗസ്ഥിതം ഗംഗാ ശിരോലങ്കാരഭൂഷിതം;
ശിരശ്ചന്ദ്രധരം ദേവം, നമാമിപരമേശ്വരം. 3

വാമദേവം വിരൂപാക്ഷം, വാരണാനനലോലുപം!
വാഗതീതംഭവംദേവം, നമാമിപരമേശ്വരം. 4

യമവൈരിം ചിദാനന്ദം, യമീമാനസരഞ്ജനം;
യതിവന്ദ്യം ഹരംദേവം, നമാമി പരമേശ്വരം 5

പഞ്ചാക്ഷരയുതം സ്തോത്ര സഞ്ചയംഭക്തിസംയുതം;
തൻചിത്തത്തിൽസ്മരിച്ചാൽഹൽചഞ്ചലങ്ങളകന്നുപോം 6

---

# ശബ്ദബ്രഹ്മ മാഹാത്മ്യം

(വി. കെ. നാരായണഭട്ടതിരി)

മഹേശ്വരാനന്ദജി എന്ന ഒരു പണ്ഡിതവര്യൻ വേദങ്ങളെപ്പററി എഴുതിയിട്ടുള്ളതിനെ ആസ്പദമാക്കിയാണ് ഈ ലേഖനമെഴുതുന്നതു്. വേദങ്ങളെ സഹസ്രനാമത്തോടു് ആ മഹാൻ സദൃശമാക്കുന്നു. വിഷ്ണുവിൻെറയോ മററു ദേവന്മാരുടെയോ പേരുകളാണെന്നു കല്പിച്ചു് ആയിരം പേരുകളെ ചേർത്തു് ശ്ലോകങ്ങളാക്കിയതാണ് സഹസ്രനാമങ്ങൾ. സഹസ്രനാമങ്ങളിലും ഒരു വിശേഷമുണ്ടു്. ശിവൻ, ശംഭു, രുദ്രൻ—ഇവയെല്ലാം ശിവൻെറ പേരുകളായിട്ടാണു വെപ്പു്. പക്ഷെ ഈ പേരുകളെല്ലാം വിഷ്ണു സഹസ്രനാമത്തിൽ കാണുന്നു. ഇതുപോലെ ശിവസഹസ്രനാമത്തിൽ വിഷ്ണുവിൻെറ പേരുകളും കാണാം. ഈ പേരുകളെ ചില പുരാണ കഥകളെ അടിസ്ഥാനമാക്കുമ്പോൾ പരിതഃസ്ഥിതികൊണ്ടു് ആ പേരു് ദൈവത്തിനുണ്ടായി എന്നാണ് തോന്നുക. പക്ഷെ ആ പേരുകളെപ്പററി ഒന്നുകൂടി ചിന്തിച്ചാൽ അവയിൽ പല വേദാന്തതത്വങ്ങളും കാണാറാകും. ശ്രീകൃഷ്ണൻെറ ദേവകീപുത്രൻ എന്ന പേരുതന്നെ ഉദാഹരണമായി നോക്കാം. ദേവകിയുടെ മകൻ എന്നാണ് പുരാണരീത്യാ ഇതിന്നർത്ഥം പറയുക. വസുദേവൻ, ദേവകി ഇത്യാദിശബ്ദങ്ങളെക്കൊണ്ടു എന്തൊരർത്ഥത്തേയാണ് വിവക്ഷിക്കുന്നതെന്നു നോക്കേണം. പരിശുദ്ധമായ അന്തഃകരണമാണ് വസുദേവൻ എന്നും സകല ദേവതകളും ദേവകിയാണ് എന്നും ഭാഗവതത്തിൽതന്നെ ഉണ്ടു്. ശബ്ദത്തിന്നു പ്രത്യക്ഷീഭവിച്ച വസ്തുവെന്നർത്ഥമുണ്ടു്. ഏററവും പരിശുദ്ധമനസ്സിലാണ് ഈശ്വരൻ പ്രത്യ

ക്ഷീഭവിക്കുക എന്നുള്ളതിലേക്കു പ്രമാണങ്ങൾ ധാരാളമുണ്ടല്ലൊ. ഇവയെല്ലാം കൂട്ടിച്ചേർത്തുനോക്കുമ്പോൾ വസുദേവനിൽനിന്നു ദേവകിയിൽ ശ്രീകൃഷ്ണൻ ജനിച്ചുവെന്നുള്ളതിൻെറ അർത്ഥം സർവ്വത്രവ്യാപിച്ചിരിക്കുന്ന ആ ദിവ്യചൈതന്യം അത്യന്തം പരിശുദ്ധമായ മനസ്സിൽ പ്രത്യക്ഷീഭവിച്ചുവെന്നാകുന്നു. അതായത് ഈശ്വരസാക്ഷാല്ക്കാരമാണ് ശ്രീകൃഷ്ണാവതാരമെന്നു ചുരുക്കം. ഈ അർത്ഥം വെച്ചുനോക്കുമ്പോൾ കൃഷ്ണലീലകൾക്കും മററും അർത്ഥമെന്താണ് എന്നൊരു ചിന്തയുണ്ടാകും. ശ്രീകൃഷ്ണൻെറ പല ലീലകളേയും ആത്മസാക്ഷാല്ക്കാരത്തോടു യോജിപ്പിക്കാമെന്നു മാത്രമെ ഇപ്പോൾ പറയുന്നുള്ളു. ശിവൻെറ പേരു് വിഷ്ണുസഹസ്രനാമത്തിലും വിഷ്ണുവിൻെറ ശിവസഹസ്രനാമത്തിലും കാണുന്നതിൻെറയെല്ലാം താല്പര്യം ഏകമായ ഒരു തത്വമേയുള്ളുവെന്നും ആ തത്വത്തിൻെറ വിഭൂതികളാണു മററു ദേവതകൾ എന്നും ആകുന്നു. സഹസ്രനാമത്തിലെ ഈ സംഗതികളോടെല്ലാം വേദസംഹിതകളും യോജിപ്പുണ്ടു്.

"സമാധി ഭാഷാ പ്രഥമാ ലൌകികീതി പരാമതാ
തൃതീയാ പരകീയേതി ശാസ്ത്രഭാഷാ ത്രധാമതാ"

ശാസ്ത്രഭാഷയെ മൂന്നാക്കി ഭാഗിക്കണം. സമാധിഭാഷ, ലൌകികഭാഷ, പരകീയഭാഷ— എന്നിവയാകുന്നു ഈ മൂന്നു ഭാഗങ്ങൾ. ലൌകികാർത്ഥങ്ങളെപ്പറയുന്നതു് ലൌകികഭാഷയാണു്. ദേവന്മാർ പരലോകം ഇത്യാദികളെപ്പററിപ്പറയുന്നതു് പരകീയഭാഷയാകുന്നു. ആത്മതത്വത്തെ രഹസ്യമായി ഉപദേശിക്കുന്ന ഭാഷ സമാധി ഭാഷയായി സ്വീകരിച്ചു് ആ വഴിക്കു നോക്കിയാൽ മാത്രമെ വേദങ്ങളിൽ സർവ്വത്ര അധ്യാത്മതത്വങ്ങൾ നിറഞ്ഞു കാണുകയുള്ളൂ. ബ്രാഹ്മണങ്ങളിലും മററും "പരോക്ഷപ്രിയാ ഇവ ഹി ദേവാഃ" എന്ന വാക്യംകൊണ്ടു് ഈ സമാധി ഭാഷയെത്തന്നെയാണു് പറയുന്നതു് പ്രത്യക്ഷമാകുന്നതിൽ പ്രിയമില്ലാത്തവരാണു ദേവന്മാർ എന്നാകുന്നു "പരോക്ഷപ്രിയാ ഇവ ഹി ദേവാഃ" എന്നുള്ളതിൻെറ അർത്ഥം. മനഃശ്ശുദ്ധി, തപസ്സ്, ആലോചന— ഇത്യാദിപലതുമുണ്ടായാൽ ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ മാത്രം ചില സുകൃതികൾക്കു് ഈശ്വരതത്വങ്ങൾ അല്പാല്പമായി അറിയുവാൻ സാധിക്കും. അത്തരത്തിലുള്ള ഒരു സുകൃതിയുടെ നിലയിലേക്കു് കൊണ്ടുവരാനുള്ള ഒരു മാർഗ്ഗവും കൂടിയാണു് വേദങ്ങൾ.

"യഥേമാം കല്യാണീം വാചം ആവദാനി ജനേഭ്യഃ"

ഇത്യാദി യജുർവ്വേദമന്ത്രംകൊണ്ടു് ജനങ്ങൾക്കെല്ലാവക്കും കൂടി

ഈശ്വരൻ തന്നതാണു് വേദമെന്നു പറയുന്നു. സാത്വികമായ സ്വഭാവം, കാപട്യമില്ലായ്മ, ഗുരുഭക്തി ഇത്യാദി സൽഗുണങ്ങൾ ഉള്ളവരിൽ മാത്രമെ വേദാധ്യയനാദികൾകൊണ്ടു് ഫലമുണ്ടാവുകയുള്ളു എന്നും മററും പല ഗ്രന്ഥങ്ങളിലും കാണുന്നുണ്ടു്. ഈ രണ്ടാമതു പറഞ്ഞ അൎത്ഥത്തെ ആസ്പദമാക്കിയായിരിക്കാം വേദാധികാരികൾ ഇന്നവർ എന്നു ക്ലിപ്തപ്പെടുത്തിയതു്. ആദ്യകാലങ്ങളിൽ ജനനം, വേദാധ്യയനത്തിന്നു് പ്രതിബന്ധമായിരുന്നില്ലെന്നു വിചാരിക്കാം. അച്ഛൻ ആരെന്നറിയാത്ത സത്യനിഷ്ഠനായ ഒരു കുട്ടിയെ ഉപനയിച്ചു് വേദാധ്യയനം ചെയ്യിച്ചതായി ഛാന്ദോഗ്യോപനിഷത്തിൽ കാണുന്നു വേദാധ്യയനത്തിന്നും മററും യോഗ്യതയോ വാസനയോ ഇല്ലാത്തവർ പണ്ഡിതന്മാരായ സജ്ജനങ്ങളുടെ ചൊല്പടിയിൽ മതകാൎയ്യങ്ങളിലുംമററും ഇരിക്കേണമെന്നു് നിൎബ്ബന്ധമുണ്ടായിരുന്നു. ആത്മജിജ്ഞാസുകൾക്കു മാത്രമുള്ളതല്ലാവേദങ്ങൾഎന്നുപറയട്ടെ. ലൌകികകാൎയ്യങ്ങളിൽ ഏൎപ്പെട്ടു് ജീവിതസമ്പാദനം, കുടുംബരക്ഷണം, ആവുന്ന വിധത്തിൽ പരോപകാരം ചെയ്യുക—ഇങ്ങിനെ ധൎമ്മമായി ജീവിച്ചു ക്രമേണ ആത്മജിജ്ഞാസയിൽ നിത്തുവാൻ ആഗ്രഹിക്കുന്നവർ—ഈ ജന്മത്തിൽ സാധിച്ചില്ലെങ്കിൽ അടുത്ത ജന്മത്തിലെങ്കിലും ആത്മാനുഭൂതിക്കാഗ്രഹിക്കുന്നവർ—ഇങ്ങിനെ പല തരത്തിലുള്ള ധൎമ്മതാല്പൎയ്യക്കാൎക്കായിട്ടുള്ളതാണു് വേദം. അങ്ങിനെ വരുമ്പോൾ ഐഹികസുഖപ്രാപ്തി അതുപോലെ പാരത്രികങ്ങളായ അനിത്യസുഖപ്രാപ്തി തുടങ്ങിയ ഓരോ സിദ്ധികൾക്കു് യോജിച്ച തരത്തിലുള്ള പ്രാൎത്ഥനകളും മററും വേദങ്ങളിൽ ഉണ്ടാവേണം. അത്തരിലുള്ള പ്രാൎത്ഥനകൾതന്നെ ആത്മജിജ്ഞാസുക്കൾക്കു് സമാധാനമുണ്ടാക്കുകയും വേണം. അതായതു് കൎമ്മികൾക്കും ജ്ഞാനികൾക്കും വേദസംഹിതയിൽ സ്ഥാനമുണ്ടാവേണം. അങ്ങിനെ സ്ഥാനമുണ്ടാക്കുക ശബ്ദനിൎവ്വചനങ്ങൾവഴിക്കാണു്. ധാത്വൎത്ഥപ്രകാരം ശബ്ദനിൎവ്വചനംചെയ്യുന്നതു് സംസ്കൃതപണ്ഡിതന്മാരുടെ ചില അടവുകളാണു് എന്നു ചിലർ പറയാറുണ്ടു്. വാസ്തവനില അതല്ല. ഏതു കാൎയ്യങ്ങളിലേക്കും (ആഭിചാരം മുതലായ അധൎമ്മങ്ങളിലേക്കുപോലും) വേദാൎത്ഥത്തെ കൊണ്ടുവരാറാകേണമെങ്കിൽ ശബ്ദനിൎവ്വചനങ്ങളേയും വിശ്വാസദാൎഢ്യത്തേയും അവലംബിക്കേണം. ഇങ്ങിനെ ഒരു നില വരുമ്പോഴാണു് ശബ്ദബ്രഹ്മം നിൎഗ്ഗുണബ്രഹ്മംതന്നെയോ അല്ലെങ്കിൽ ആത്മാനുഭൂതിക്കുള്ള മാൎഗ്ഗമായോ തീരുന്നതു്. മാത്രമല്ലാ ഓരോരോ ശബ്ദവും ഈശ്വരവാ

ചകമാണെന്നൊരു പക്ഷമുണ്ടു്. സർവ്വസ്വരൂപിയായ ഈശ്വരനെ എല്ലാ ശബ്ദംകൊണ്ടും പറയാമെന്നു സാരം. "യാവൽ ബ്രഹ്മ നിഷ്ഠിതം താവതീ വാക്ക്" (ഋഗ്വേദം) പരബ്രഹ്മം "വിവർത്തം" വഴിക്ക് എത്രയായിത്തീരുന്നുവോ അത്ര വാക്കുകൾ ഉണ്ടു് എന്നാണു് ഇതിന്റെ അർത്ഥം. അപ്പോൾ ഓരോരോ വിട്ടരവഴിയായി ഓരോരോ വാക്കും ഈശ്വരനെത്തന്നെ പറയുന്നുവെന്നു സാരം. ഏവം വിധങ്ങളായി പല ആശയങ്ങളെ ശബ്ദബ്രഹ്മമെന്ന വാക്ക് ഉൾക്കൊള്ളുന്നു. ശബ്ദബ്രഹ്മം, നിർഗ്ഗുണബ്രഹ്മം—ഈ രണ്ടു വാക്കുകൾ കൊണ്ടു പറയുന്ന അർത്ഥം ഒന്നുതന്നെയാണു് അല്ലെങ്കിൽ ഒന്നിന്റെതന്നെ രൂപാന്തരങ്ങളാകുന്നു: ഒരു ഭാഷക്ക് ആ ഭാഷയുടെ വ്യാകരണം എത്രകണ്ടും ഉപകരിക്കുമോ അത്ര ഉപകാരം വേദാർത്ഥചിന്തക്ക്, ശബ്ദനിർവ്വചനത്തിൽനിന്നും ലഭിക്കുന്നു.

---

# ഗുരുമഠോത്സവങ്ങൾ

തുഞ്ചത്തെഴുത്തച്ഛന്റെ സമാധിമന്ദിരമായ ചിററൂര് ഗുരുമഠത്തിൽ പണ്ടു് പല ഉത്സവങ്ങളും കൊണ്ടാടിയിരുന്നു. അവയിൽ പലതും ഇപ്പോൾ തീരെ അസ്തമിച്ചു പോയിരിക്കുന്നു; എന്നാലും, അവകളെപ്പററി അറിഞ്ഞിരിക്കേണ്ടതു് ആവശ്യവും നിവൃത്തിയുണ്ടെങ്കിൽ പുനരുജ്ജീവിപ്പിക്കേണ്ടതു നമ്മുടെ കടമയും ആകുന്നു. അതിനാൽ അറിഞ്ഞേടത്തോളം ചുരുക്കി താഴെ വിവരിക്കാം.

എഴുത്തച്ഛൻതന്നെ ആഘോഷിച്ചുവന്നതാണ് ശ്രീരാമനവമി നവരാത്രി, ശിവരാത്രി, പതിനെട്ടാംപെരുക്കം എന്നീ നാലു ഉത്സവങ്ങൾ. ഗുരുവിന്റെ മഹാസമാധിക്കു ശേഷവും ശിഷ്യന്മാർ വളരെക്കാലം ഈ ഉത്സവങ്ങൾ കൊണ്ടാടിയിരുന്നു. ഇപ്പോൾ പേരിന്നുമാത്രം ഗുരുമഠത്തിൽ നവരാത്രി ആഘോഷിക്കുന്നതൊഴിച്ചു് മററു മൂന്നുത്സവങ്ങളും ജനങ്ങളുടെ സ്മൃതിപഥത്തിൽനിന്നു പോലും മറഞ്ഞിരിക്കുന്നു.

മീനമാസം അമാവാസി കഴിഞ്ഞു് പ്രതിപദത്തിൽ അതിരാവിലെ (പുലരാൻ 7½ നാഴികക്കു) ഗുരുമഠത്തിൽനിന്നും ഒരു ദീപം കൊളുത്തിയെടുത്തു് ഗുരുവും, ശിഷ്യന്മാരും, മററു ജനങ്ങളും ഒരു

മിച്ച് സങ്കീർത്തനോച്ചാരണങ്ങളോടുകൂടി ഘോഷയാത്രയായി ശ്രീ
രാമസ്വാമി ക്ഷേത്രത്തിലേക്കെഴുന്നള്ളിച്ച് മുഖമണ്ഡപത്തിൽ പ്ര
തിഷ്ഠിക്കും. ആ ദീപം "കെടാവിളക്കായി" ഉത്സവാവസാനം വരെ
ജ്വലിച്ചുകൊണ്ടിരിക്കണം. അതിൽനിന്നു വേണം ഒമ്പതു ദിവസ
വും ക്ഷേത്രഗർഭഗൃഹത്തിലും മററും ദീപാരോപണം ചെയ്യുവാൻ.
പ്രതിപദം മുതൽ നവമി വരെ ക്ഷേത്രത്തിൽ ത്രികാലപൂജയാണ്
പതിവ്. ആ സമയങ്ങളിൽ മഹാബ്രാഹ്മണരുടെ വേദപാരായ
ണധ്വനികൊണ്ട് ആ പ്രദേശമെങ്ങും മാറെറാലികൊണ്ട് പരിശു
ദ്ധമാക്കിയിരുന്നു. എഴുന്നള്ളിച്ചു പ്രതിഷ്ഠിച്ച ദീപത്തിനു മുമ്പിലി
രുന്ന് അപരാഹ്നത്തിനു മുമ്പും രാത്രിയിലും അദ്ധ്യാത്മരാമായണം
കിളിപ്പാട്ട് വായിച്ചു വ്യാഖ്യാനിക്കുകയാണ് പതിവ്. അഷ്ടമി
ദിവസം രാവണസംഹാരം കഴിഞ്ഞു് വായന നിർത്തിയാൽ പിറേറ
ന്ന് മദ്ധ്യാഹ്നപൂജയോടുകൂടി രാമപട്ടാഭിഷേകം നിർവ്വഹിച്ച്
രഥോത്സവം തുടങ്ങുകയായി. ഈ രഥോത്സവം തമിഴ്നാട്ടാചാര
ത്തെ അനുകരിച്ച് എഴുത്തച്ഛൻ ഏർപ്പെടുത്തീട്ടുള്ളതാണ്. രഥം
ഊരുചുററി സന്ധ്യയോടുകൂടി ഗുരുമഠത്തിന്റെ മുമ്പിൽ വന്നു നി
ല്ക്കും. അതിൽനിന്നു വാദ്യസഹിതം ദീപത്തെ താഴെയിറക്കി മഠ
ത്തിനകത്തേക്കെഴുന്നള്ളിച്ച് പൂർവ്വസ്ഥാനത്തു പ്രതിഷ്ഠിക്കും. പ്രതി
പദം മുതൽ ദീപം മടങ്ങിവരുന്നതുവരെ ഗുരുമഠത്തിൽ യാതൊരു
കർമ്മവുമുണ്ടാകയില്ല.

വിശിഷ്ടന്മാരായ അന്നത്തെ മഹാബ്രാഹ്മണർ ഈ ദിവസങ്ങ
ളിൽ പ്രത്യേകിച്ചും അന്നദാനംകൊണ്ടു സാക്ഷാൽ കണ്ണനെപോ
ലും ജയിച്ചതായിട്ടാണ് പറയപ്പെടുന്നതു്. ആര്, എപ്പോൾ, ഏ
തു ഗൃഹത്തിൽ ചെന്നാലും സന്തോഷപൂർവ്വം മൃഷ്ടാന്നം ലഭിക്കുമാ
യിരുന്നു. എഴുത്തച്ഛന്റെ അനുഗ്രഹവും അന്നു ആ മഹാബ്രാഹ്മ
ണർചെയ്ത സുകൃതവും മാത്രമാണ് രാമാനന്ദാഗ്രഹാരത്തിന്റെ—
ചിററൂർ തെക്കെ ഗ്രാമത്തിന്റെ—ഇന്നത്തെ പരിപുഷ്ടിക്കും അഭ്യു
ദയത്തിന്നും കാരണം എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

എഴുത്തച്ഛന്റെ സമാധിക്കുശേഷവും യാതൊരു വിട്ടുവീഴ്ച
കളും വരാതെ വലിയ കോപ്പസ്വാമികളുടെ നേതൃത്വത്തിൽ 740-
മാണ്ടുവരെ ശ്രീരാമനവമി ഉത്സവം ഭംഗിയായി നടന്നിട്ടുണ്ട്.
അന്നെല്ലാം എഴുത്തച്ഛന്റെ സ്ഥാനത്തു മംഗല്യവതികളായ ബ്രാ
ഹ്മണസ്ത്രീകളെക്കൊണ്ടായിരുന്നു ദീപം എഴുന്നള്ളിച്ചതു്. അദ്ദേ

ഹം ഉണ്ടാക്കിയ "നിരതിശയാനന്ദ" * സ്തോത്രം ചൊല്ലി അനേകം ബ്രാഹ്മണസ്ത്രീകൾ വിളക്കിനുചുററും നൃത്തംവെച്ചുകൊണ്ടായിരുന്നു ക്ഷേത്രത്തിലേക്കു പോയിരുന്നതു്. കോപ്പുസ്വാമികളുടെ സമാധിക്കുശേഷം അധികതാമസമെന്യേ ഈ ഉത്സവം തീരെ ഇല്ലാതായി. പിന്നീടു ശ്രീരാമനവമി ആദ്യത്തെ വിളക്ക് "എഴുത്തച്ഛൻ വിളക്ക്" എന്നു എഴുതി നടയ്ക്കൽ തൂക്കുകമാത്രം പതിവായി തീൎന്നു. ശ്രീരാമസ്വാമിക്ഷേത്രത്തിൽ ഇപ്പോൾ ചില പൂജാദികളും അവസാനം രഥോത്സവവും നടക്കുന്നുണ്ടു്.

ശ്രീരാമനവമിയെപ്പോലെ നവരാത്രിയും അത്യാഘോഷത്തോടെ കൊണ്ടാടിയിരുന്നു. അന്നും വിളക്കെഴുന്നള്ളിച്ചു കൊണ്ടുപോകും. സംസ്കൃതം ദേവീഭാഗവതമായിരുന്നു നവരാത്രികാലത്തു ക്ഷേത്രത്തിൽ പാരായണം ചെയ്തിരുന്നതു് ആ കൃത്യം വേദവിത്തുക്കളായ മഹാബ്രാഹ്മണരാണ് നിൎവ്വഹിക്കുക. ദേവി പ്രത്യക്ഷമായി, രാവണവധോദ്യുക്തന്മാരായ രാമലക്ഷ്മണന്മാരെ അനുഗ്രഹിച്ചു്, വരം കൊടുക്കുന്ന ഭാഗമായിരിക്കും വിജയദശമി ദിവസം വായിച്ചവസാനിപ്പിക്കുന്നതു്. അനന്തരം ദേവിയെ പുറത്തേക്കെഴുന്നെള്ളിക്കും.

വിദ്യാൎത്ഥികളുടെ വകയായി ഗുരുമഠത്തിൽ ഒമ്പതു ദിവസവും ഗുരുവിന്റെ നേതൃത്വത്തിൽ ഗ്രന്ഥംവെച്ചു പൂജിച്ചു നവരാത്രി ആഘോഷിച്ചിരുന്നു. മഹാനവമിവരെ ദുൎഗ്ഗാപൂജയായി ശിഷ്യൻ കരുണാകരഗുരുവായിരുന്നു നടത്തിയതു്. വിജയദശമി ദിവസം സരസ്വതീ പൂജയായി ഗുരുവും നിൎവ്വഹിക്കും. കുട്ടികളെ എഴുത്തിനു വെക്കുന്നതും മററും അപ്പോഴാണ്. ആ കാലങ്ങളിൽ ശാക്തേയ പൂജ നടന്നിട്ടുള്ളതായി കേട്ടിട്ടില്ല. അന്നത്തെ സമ്പ്രദായം ഏതാനും ചിലതു ഇന്നും കാട്ടിക്കൂട്ടുന്നുണ്ടു്. അന്നുണ്ടായിരുന്ന ഭക്തിശ്രദ്ധയും ആത്മാൎത്ഥതയും ഇന്നുള്ളവരിൽ കാണാത്തതു പക്ഷെ കാലവൈപരീത്യമായിരിക്കാം. ഗുരുമഠംവക ശ്രീരാമസ്വാമിക്ഷേത്രത്തിൽ ആചരിച്ച നവരാത്രിയും തീരെ നാമാവശേഷമായി. എന്നാൽ "എഴുത്തച്ഛൻ വിളക്കു്" എന്നെഴുതി തൂക്കുന്ന പതിവു ഇപ്പോഴും കാണുന്നുണ്ടു്.

കൊല്ലംതോറും കൎക്കിടകമാസം 18-ാംനു-യാണ് "പതിനെ

* ഇതു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

ട്ടാം പെരുക്കം' കൊണ്ടാടിയിരുന്നതു്. ബാലവിദ്യാർത്ഥികളുടെ വകയായ ഈ ഉത്സവം അത്യന്തം ഭക്തിയോടുകൂടി ഭംഗിയായി നടത്തപ്പെട്ട ഒന്നായിരുന്നു. ഗുരുനാഥൻ വെളുപ്പാൻ കാലത്തു വിദ്യാർത്ഥികളോടും മററു മഹാജനങ്ങളോടുമൊരുമിച്ചു ശോകനാശിനീ നദിയിലിറങ്ങി സ്നാനം ചെയ്തശേഷം. കുരുത്തോല, പുഷ്പം മുതലായവകൊണ്ടലങ്കരിച്ച ചെറുരഥങ്ങളുടെ ആകൃതിയിൽ വാഴപ്പോളകൊണ്ടു ചില സാധനങ്ങളുണ്ടാക്കി നദിയിൽ ഒഴുക്കിയിരുന്നു. മലര്, പഴം, ശർക്കര, നാളികേരം എന്നിങ്ങനെ നാനാതരം നൈവേദ്യങ്ങളോടുകൂടി ഗംഗാദേവിയെ പൂജിക്കും. കണ്ണെഴുതുവാനുള്ള മഷി, കുങ്കുമം സുഗന്ധപുഷ്പങ്ങൾ മുതലായവ ഗംഗാദേവിക്കു അർപ്പിക്കും.

അനന്തരം എല്ലാവരുമൊത്തു താളമേളങ്ങളോടുകൂടി സങ്കീർത്തനങ്ങൾ പാടി ക്ഷേത്രങ്ങളിൽ ചെന്നു ദർശനം കഴിക്കും. ഇതാണു് പതിനെട്ടാം പെരുക്കത്തിന്റെ ചുരുക്കം. എഴുത്തച്ഛൻ തമിഴരാജ്യങ്ങളിൽ സഞ്ചരിച്ചിരുന്ന കാലത്തു അവിടങ്ങളിൽ നടപ്പുള്ള ഈ ആചാരത്തെ ഇവിടെയും നടപ്പിലാക്കിയതാണെന്നു വേണം വിചാരിക്കുവാൻ. കേരളത്തിലെങ്ങും പതിനെട്ടാംപെരുക്കം കൊണ്ടാടുന്നതായി കേട്ടിട്ടില്ല. പതിനെട്ടാംപെരുക്കവും ഗുരുമഠത്തിൽ കൊണ്ടാടാതെകണ്ടായിട്ടു വളരെക്കാലമായി. സൂര്യനാരായണസ്വാമിയുടെ വംശക്കാരായ ചിററൂരുള്ള ചില മന്നാടിമാരിൽ ചിലർ ഇന്നു ഇതു മുടങ്ങാതെ നടത്തുന്നുണ്ടു് എന്നതു സന്തോഷാവഹമാണു്. മുമ്പുണ്ടായിരുന്നപോലെ എഴുത്തുപള്ളിയോ, ഗുരുകുലമൊ, വിദ്യാർത്ഥികളൊ യാതൊന്നും ഗുരുമഠത്തിലില്ലാതായ മുതല്ക്കാണു് ഈ ഉത്സവം നിന്നുപോയതു്.

ശിവരാത്രിക്കും നവരാത്രിപോലെ കാലത്തു ദീപം എഴുന്നള്ളിക്കും. അതു ശിവക്ഷേത്രത്തിലേക്കാണു്. അഭിഷേകാദികർമ്മങ്ങൾ അനുഷ്ഠിച്ചു രാത്രിമുഴവനും ശിവകഥകൾ വായിച്ചു ഉറക്കമൊഴിച്ചു പിറെറന്നു കാലത്തു കുളികഴിഞ്ഞു ദീപത്തെ എഴുന്നള്ളിക്കും. ഇതായിരുന്നു പതിവ്.

1048-ലെ അഗ്നിബാധയ്ക്കുശേഷം ഗുരുമഠം തട്ടുംപുരയും ഇല്ലാതെ ഇടിഞ്ഞുപൊളിഞ്ഞു കിടന്നിരുന്നതു ഗുരുദാസൻ ബീമത്തു കോപ്പുസ്വാമികൾ ജീർണ്ണോദ്ധാരണം ചെയ്തു കലശംകഴിച്ചു നിത്യപൂജതുടങ്ങിയതു 1068 മേടമാസം 9-ാംനു- വ്യാഴാഴ്ച രാത്രിയായിരുന്നു. അതിനുശേഷം വർഷംതോറും ആ ദിവസത്തെ "മഹാ കലശ

ദിന"മായി കാരണവന്മാർ കൊണ്ടാടിയിരുന്നു. മഹോദാരകനായ ഗുരുദാസൻെറ ദേഹവിയോഗത്തോടുകൂടി മഹാകലശോത്സവവും അസ്തമിച്ചു.

ഗുരുനാഥൻെറ മഹാസമാധിക്കുശേഷം കൊല്ലംതോറും അദ്ദേഹത്തിൻെറ ശ്രാദ്ധസമാരാധന ശിഷ്യന്മാരും നാട്ടുകാരും ഒത്തൊരുമിച്ച് ഭക്തിശ്രദ്ധാസമന്വിതം നടത്തിവന്നു. ധനുമാസത്തിലെ ഉത്രംനക്ഷത്രം ദിവസമാണ് സമാരാധന. അതാതു കാലത്തുണ്ടായിരുന്ന ശിഷ്യന്മാരും കാരണവന്മാരും (മിക്ക കുടുംബങ്ങളിലെ കാരണവന്മാരും) ഒത്തുചേൎന്നു നാട്ടാചാരപ്രകാരം ബാഹ്യാന്തഃശുദ്ധിയോടുകൂടി വ്രതമനുഷ്ഠിച്ച് സമാരാധനദിവസം യഥാശക്തി ദാനാദികൾ നടത്തികുളിച്ച് പിണ്ഡംവെച്ച് തിലോദകം കൊടുക്കുകയാണ് പതിവ്. അനന്തരം നാലുകറിവെച്ചു അഗതികൾക്കു മൃഷ്ടാന്നം നല്കി തങ്ങളും ഭുജിക്കും. അന്നേദിവസം രണ്ടുനേരവും സമാധിപൂജ ഗംഭീരമായി നടത്തിയിരുന്നു. ഇന്നു് ഈ സമാരാധന ഭംഗിയായിതന്നെ നടക്കുന്നുണ്ടു്. കാലവ്യത്യാസംകൊണ്ടു കാരണവന്മാർ വ്രതമിരുന്നു പിണ്ഡംവെച്ചു തിലോദകം കൊടുക്കുന്ന ക്രിയ ഇല്ലാതായി.

നവരാത്രി പൂജയ്ക്കു് അക്ഷതത്തിന്നും സമാരാധനയ്ക്കും സദ്യക്കും വേണ്ട അരി ചിറവൂരു ദേശത്തു പ്രധാനപ്പെട്ട കുടുംബങ്ങളിൽ നിന്നായിരുന്നു കൊടുത്തുവന്നതു് എന്ന സംഗതി പല കുടുംബങ്ങളിലെ പഴയ ഭാഗപത്രങ്ങളും കരാറുകളും നോക്കിയാൽ കാണാം. അക്ഷതത്തിനുള്ള അരി തയ്യാർ ചെയ്യിരുന്നതും അതു ഗുരുമഠത്തിൽ എത്തിച്ചുകൊടുത്തിരുന്നതും ഒരു പ്രത്യേക സമ്പ്രദായത്തിലായിരുന്നു. ഒരു കുടുംബത്തിലെ ഒരു പഴയ ആധാരത്തിൽ ഇപ്രകാരം എഴുതി കാണുന്നു. "...............അഞ്ചു പറ കണ്ടം നിങ്ങൾ കൈവശം വെച്ചു കന്നികൊയിത്ത് ആദ്യത്തെ ചൂരുട്ടു തല്ലികിട്ടിയ നെല്ല് നിറ പറയായി അളന്നു മാവിലയും ഉഴിഞ്ഞ വള്ളിയും ചുററി കെട്ടി നാലുകെട്ടിൽ കൊണ്ടുവന്നു പടിഞ്ഞാററിനിയിൽ നിലമണിത് കൊട്ടി പൂജകഴിച്ച് ഒരിക്കലിരുന്ന പെൺകിടാങ്ങളെക്കൊണ്ടു കുത്തിച്ച് നിലത്തു വിതറി മുറിപെടാത്ത അരിമണി പെറുക്കിയെടുത്ത് അഞ്ചിടങ്ങഴി അരി കന്നിമാസത്തെ കറുത്ത വാവിൻനാൾ ശോഭക്കു നവരാത്രി ആവശ്യത്തിലേക്കായി തുഞ്ചത്തു സ്വാമി മഠത്തിൽ അക്ഷതത്തിന്നുവേണ്ടി എത്തിച്ചുകൊടുക്കുകയും ധനുമാസത്തിൽ ഉത്രം

ഗുരുവിന്റെ ചാത്തമടിയന്തരത്തിന്നു ഏഴുപറ അഞ്ചിടങ്ങഴി അരി എത്തിച്ചുകൊടുക്കുകയും വേണം........" എന്തൊരു ഭക്തിശ്രദ്ധയും ആത്മാത്ഥതയുമാണു് അന്നുള്ളവക്കുണ്ടായിരുന്നതു് എന്നു് ഇതിൽ നിന്നും വെളിവാകുന്നുണ്ടു്. ഇതിൽ ശതാംശമെങ്കിലും ഇന്നുള്ളവക്കു ഉണ്ടായിരുന്നുവെങ്കിൽ—! ഈ രണ്ടുതവണകളിലും എല്ലാവരും അവരവരുടെ വീതം അരി തയ്യാറാക്കി ഒരു പ്രത്യേക സ്ഥലത്തു കൂടി (ചിററൂർവേട്ടക്കൊരു മകൻകാവിൽ) അവിടെനിന്നു കൊട്ടു വാദ്യങ്ങളോടുകൂടി ഒന്നായ്ചേന്നു തറചുററി ഗുരുമഠത്തിൽഎത്തി സമാധിക്കു മുമ്പിൽ അരിചൊരിഞ്ഞു തൊഴുതു് പിരിയും. ഹാ! എത്ര നേത്രാനന്ദകരമായ ഒരു കാഴ്ച്ചയായിരിക്കണം അക്ഷതപ്പൊലിവ്! അഹോ! ഈ മനോഹരമായ കാഴ്ച്ച സങ്കല്പമാത്രയിൽ ശരീരം കോൾമയിർ കൊള്ളിക്കുന്നു! ഇന്നു ഇതനുസരിക്കാൻ തരമില്ലാത്ത വിധത്തിൽ പല കുടുംബങ്ങളും നാനാവിധമായിതീന്നിട്ടുണ്ടു്. എന്നാൽ കഴിവുള്ളവർ ഈ ദിവ്യമായ അക്ഷതപ്പൊലിവിനെയെങ്കിലും പുനരുദ്ധാരണം ചെയ്യേണ്ടതാണു്. അതിനുള്ള സദ്ബുദ്ധി അവക്കുണ്ടാകട്ടെ.

---

(ഒരു കഥ)

# നീലിയെ കണ്ടതു്

(1)

നീലി! കല്ലടിക്കോട്ടു് നീലി. ഊററമേറിയ ഒരു സുപ്രസിദ്ധ ദേവിയാണു്.

പാലക്കാട്ടു താലൂക്കിന്റെ വടക്കെ അതൃത്തിയായി കിഴക്കുപടിഞ്ഞാറു നീണ്ടുകിടക്കുന്ന പശ്ചിമഘട്ടപവ്വതനിരകളുടെ ഒരു ഉന്നതശൃംഗമാണു് കല്ലടിക്കോട്ടുമല. ഇതിനെ "നീലിമല" എന്നും പറയാറുണ്ടു്.

"നീലവസ്ത്രം കടിഭാഗെ പീലിമാലമുടിഭാഗെ

*        *        *        *        *

നീലിയെന്ന പേർ നിണക്കു പണ്ടേയുണ്ടല്ലൊ" എന്നു എട്ടുവൃത്തക്കാരൻ പാടീട്ടുണ്ടു്. നീലവസ്ത്രമുടുത്തതുകൊണ്ടോ, നീലനി

റത്തോടുകൂടിയവളായതുകൊണ്ടോ, നീലവേണിയായതുകൊണ്ടോ. നീലി എന്ന പേർ വന്നതു്?

അൎജ്ജുനൻെറ ബലവീൎയ്യം പരീക്ഷിപ്പാൻ പരമശിവൻ കിരാതവേഷം പൂണ്ടപ്പോൾ തദനുസൃതം ശ്രീപാൎവ്വതി കിരാതിയുമായല്ലോ. ആ കിരാതിയാണു് ഈ നീലി എന്നാണു പറയുന്നതു്. ആരായാലും കൊള്ളാം. ആ അമ്മ സാക്ഷാൽ ശ്രീപാൎവ്വതിയാണെന്നറിഞ്ഞപ്പോൾ എൻെറ മനസ്സിനും ശരീരത്തിനും ആകെക്കൂടി ഒരു കുളിരുണ്ടായി. ആനന്ദപുളകം! എന്താണെന്നല്ലേ! പറയാം.

ഇനി രണ്ടു ദേവിമാരുള്ളതു് മഹാലക്ഷ്മിയും സരസ്വതിയുമാണു്. അവൎക്കു ഞാനായിട്ടു നല്ല ഇണക്കം പോരാ; എന്നാൽ എനിക്കവരോടു് പിണക്കം ഒട്ടുമില്ലതാനും.

"ലക്ഷ്മീ ലക്ഷണഹീനേ ച, കുലഹീനേ സരസ്വതീ" എന്നല്ലെ നീതിശാസ്ത്രക്കാരൻ പറഞ്ഞിട്ടുള്ളതു്. ചില നല്ല ലക്ഷണങ്ങൾ എനിക്കുണ്ടെന്നു എനിക്കുതന്നെ ബോദ്ധ്യമാണു്. നാട്ടുകാരിൽ പലരും, വീട്ടുകാരിൽ മിക്കവരും എന്നെ യോഗ്യനാണെന്നു പറയുന്നതും പരമാൎത്ഥമാണു്. പിന്നെ എങ്ങനെ ലക്ഷ്മിക്കു എന്നെ പിടിക്കും? നാട്ടിലേയ്ക്കു പ്രമാണപ്പെട്ട ഒരു പുരാതന കുടുംബത്തിലാണു് ഞാൻ ജനിച്ചിട്ടുള്ളതു്. പൂൎവ്വകാലത്തെ രണശൂരന്മാരായ അമ്മാമൻമാരുടെ കഥകൾ മുത്തശ്ശി പറഞ്ഞിരുന്നപ്പോഴെല്ലാം ഞാൻ അത്യധികം അഭിമാനപ്പെട്ടിട്ടുണ്ടു്. ഈ സ്ഥിതിക്കു, നീതിശാസ്ത്രക്കാരൻ പറഞ്ഞതു് പരമാൎത്ഥമാണെങ്കിൽ, ആ രണ്ടു ദേവിമാൎക്കും എന്നോടു കൂട്ടുകെട്ടിനിഷ്ടമില്ലെകിൽ അതിൽ പരിഭവിച്ചിട്ടു കാൎയ്യമില്ല.

ഈ രണ്ടു ദേവിമാൎക്കും കുറേശ്ശ കുറുമ്പും, കുശുമ്പും, ക്രൌൎയ്യവും കൂടും. അവർ പ്രസവവേദനയറിയാത്തവരാണു്. പ്രസവിക്കുംതോറുമല്ലേ സ്ത്രീകളുടെ മനസ്സിന്നു നൈൎമ്മല്യം വൎദ്ധിക്കുന്നതു്? അല്ലെന്നു പറയുന്നവരുണ്ടായിരിക്കാം! അതിൽ നമുക്കു് അശേഷം ആക്ഷേപമില്ല. പ്രസവ ക്ലേശംകൊണ്ടും, ശിശുപരിപാലനംകൊണ്ടും മനസ്സിന്നു പാകത വരാത്തതിനാലാണു് ലക്ഷ്മി "അസ്ഥിര"യായതെന്നാണു് ഞാനനുമാനിക്കുന്നതു്. ഇങ്ങനെയൊക്കെയാണെങ്കിലും, ആ ദേവിമാരും എന്നെ ഇടക്കിടെ തെല്ലൊക്കെ കടാക്ഷിക്കാറുണ്ടു്. അതിനു് ഞാൻ അവരെ തൊഴുന്നു.

പരമശിവൻെറ പാതിദേഹം പകുത്തുവാങ്ങിയ ശ്രീപാൎവ്വതിയാണു് ഇനിയുള്ളതു്. അമ്മേ! അവിടത്തെ തൃപ്പാദങ്ങൾക്കു അ

നന്തകോടി നമസ്കാരം. അവരാണ് എന്റെ ആരാധനാമൂർത്തി. കാരണം മറെറാന്നുമല്ല.

പട്ടിണി കിടന്നവക്കേ വിശപ്പിന്റെ വിളി അറിയൂ. പ്രഭുക്കന്മാർ പിച്ചക്കാരെ തച്ചോടിക്കുന്നതു മറെറാന്നുംകൊണ്ടല്ല. "നഹി വന്ധ്യ വിജാനാതി ഗുവ്വീം പ്രസവവേദന" എന്നല്ലെ പ്രമാണം.

എന്റെ അമ്മയാകട്ടെ, പെററുപെററ് കുററമററവരാണ് വല്യതായ പ്രാരബ്ധക്ലേശങ്ങളനുഭവിക്കുന്നവരാണ്. മക്കള്—ഗണപതി, സുബ്രഹ്മണ്യൻ—അവർ തമ്മിലുള്ള വഴക്ക്!—ഗണപതീടെ മൂക്ക് സുബ്രഹ്മണ്യൻ അളക്കും. സുബ്രഹ്മണ്യന്റെ കണ്ണുകൾ ഗണപതി എണ്ണും. അപ്പോൾ "ഠേ"ന്നു സുബ്രഹ്മണ്യൻ ഗണപതീടെ ചെകിടത്തു ഒരു വീക്കു കൊടുക്കും. ഗണപതീടെ വാഹനമായ എലിക്കുഞ്ഞിനെ ശിവന്റെ കണ്ഠാഭരണം നാഗരാജൻ ഭക്ഷിപ്പാനടുക്കുന്നു; അപ്പോഴേക്കും സുബ്രഹ്മണ്യന്റെ വാഹനം, മയില്, ആ പാമ്പിനെ തിന്നാൻ ശ്രമിക്കുന്നു; ശിവന്റെ കാളയെ കണ്ട് സ്വന്തം വാഹനമായ സിംഹരാജൻ മുരളുന്നു! അയ്യയ്യോ! ഇതിനൊക്കെ സമാധാനം പറഞ്ഞൊതുക്കുവാൻ എത്ര ക്ഷമവേണം!

പോരെങ്കിൽ മൂപ്പരുടെ ജടക്കകത്തു് ഒരു പെണ്ണും!—ചക്കളത്തി—തരം കിട്ടുമ്പോഴെല്ലാം ആ കള്ളപ്പെണ്ണ് ഓരോ കുസൃതിയുണ്ടാക്കി മൂപ്പരെ ഇളക്കിവിടും. ചങ്ങാതിക്കു ക്രോധമുണ്ടാവാൻ അതു മതി. പക്ഷെ, അതെവിടെ ഫലിക്കുന്നു! അമ്മടെ അടുത്തു വരുമ്പോഴയ്ക്കും ആ ക്രോധം ബാലാരുണനായി പരിണമിച്ച് അമ്മടെ ആ സുന്ദരമുഖാരവിന്ദത്തെ വികസിപ്പിക്കുക മാത്രമാണ് ചെയ്യുക. അതു കണ്ടു ലജ്ജിച്ചു പകരം വീട്ടാൻ "തലമൂപ്പത്തി" തരവും കാത്തിരിക്കും. മൂപ്പർക്ക് എന്നും ജലദോഷമാണ്. തലയിൽ തണുത്ത വെള്ളമല്ലേ—പോരെങ്കിൽ ചന്ദ്രനും. ജലദോഷത്തിനു മരുന്നുണ്ടാക്കി ശ്രീ പാർവ്വതി തമ്പുരാന്റെ തലയിലിടാൻ മുതിരുമ്പോൾ ചക്കളത്തി പററിയിരുന്ന് ഒന്നുമില്ലെങ്കിൽ ഒരു കൈവെള്ളമെങ്കിലും അവരുടെ തലക്കൊഴിക്കും. ശിവ, ശിവ! എന്തൊരു പ്രാരബ്ധം! ഇതുകൊണ്ടായോ? ഇല്ല. അപ്പൊഴേക്കും വരും ചില താടിക്കാര്—സനകാദി മഹർഷിമാർ—അവരെ സല്ക്കരിക്കണം, അററകുററം കൂടാതെ—വല്ലതും കുറവായാൽ, അപ്പോൾ ശുണ്ഠിയെടുക്കും മൂപ്പര്—ആരെങ്കിലും എന്തെങ്കിലും കെട്ടിക്കൊടുത്തിട്ടുണ്ടോ? ആര് കൊടുക്കാനാണ്!

"കാന്തഃകപാലീ കഠിനഃപിതാതേ

"മേനേതി മാതു സ്തവ നാമധേയം" ഭർത്താവാണെങ്കിൽ കപാ-
ലവും കയ്യിലെടുത്തു ഭിക്ഷ തെണ്ടി നടക്കുന്നവനാണ്; അച്ഛനോ,
കഠിനൻ; പിന്നെ ഉള്ളത് അമ്മയാണ്. "മേ നാ" എനിക്കൊന്നു
മില്ല എന്ന സ്ഥിതി. പിന്നെ ആരെന്തു കൊടുക്കാനാണ്. എന്നാൽ
എൻെറ അമ്മക്കോ, വല്ല കുസലുമുണ്ടോ? വിചാരിക്കുന്ന മാത്രയിൽ
ഒന്നിനായിരം കുന്നു കുന്നായ് വരുന്നു. താനെ ഉണ്ടാകുന്നു. "അ
സ്തി കിം താലവൃന്തസ്യ മന്ദമാരുത സംഗ്രഹഃ" ആർത്ത്രാണപരായ
ണന്മാൎക്ക് എന്തും എന്നും താനെ തഴച്ചുവരും. അവർ സ്വാൎത്ഥര
ഹിതന്മാരല്ലേ. അവരുടെ ഏകവ്രതം സാധുസംരക്ഷണം.

മൂപ്പൎക്കാണെങ്കിൽ മൂക്കത്തുശുണ്ഠി. ആശു ക്ഷിപ്രപ്രസാദിയാ
ണ്. നിഷ്കളങ്കനാണ്. പക്ഷെ പറഞ്ഞിട്ടെന്തുഫലം! അല്പം തെ
റ്റിയാൽ മതി. മേൽകീഴ് ആലോചിക്കില്ല. ശാപം! ദഹിപ്പി
ച്ചുകളയും! അമ്മക്കു അതും കാണു കണ്ണിലെണ്ണയുമൊഴിച്ചിരിക്ക
ണം. എന്തൊരലിവ്!! ആ ക്രോധമൂൎത്തി ഒരൊററനോട്ടം! മന്മഥ
ൻ വെന്തു ചാമ്പലായി. അവൻ ചെയ്തതു തെററുതന്നെയായിരി
ക്കാം. പക്ഷെ രതീദേവിനന്നെ ചെറുപ്പം—വൈധവ്യമെന്ന മഹാ
ദുഃഖത്തിൽ നിപതിച്ചു അനാഥയായി. അവളുടെ ആ സങ്കടം അ
മ്മക്കു സഹിക്കുമോ? തനിക്കാണു അങ്ങനെ ഭർത്തൃവിരഹദുഃഖമനുഭവി
ക്കേണ്ടിവന്നതെങ്കിൽ—അങ്ങനെയാണ് അമ്മയുടെ മനസ്സു പായു
ക—"തന്നെനുള്ളിനോവറിയണം." ഉടനെ ചെന്നു ഭർത്തൃസന്നി
ധാനത്തു്. കൺകോണുകൊണ്ടു മൂപ്പരുടെ നെഞ്ഞത്തു ആഞ്ഞൊ
രുട്ടി; പുരികക്കൊടിക്കൊണ്ടൊരു കുത്തു്, ഒരുതുമന്ദഹാസം! കഴി
ഞ്ഞു—അതാ മന്മഥൻ അനംഗനായി ജീവിച്ചുയൎന്നു.

വല്ല വരത്തിന്നുവേണ്ടി വല്ലവരും മൂപ്പരെക്കുറിച്ചു കഠിനമായി
തപസ്സുചെയ്യും. അതിനെപ്പററി അങ്ങോരൊന്നും അറിയില്ല. അ
മ്മയാകട്ടെ തപസ്സിൻെറ കാഠിന്യംകണ്ടു മനസ്സലിഞ്ഞു മൂപ്പരുടെ
അടുക്കൽ ചെല്ലുകയായി; ആവലാതി പറയലായി; മൂക്കും മൊകിറും
വീൎപ്പിക്കലായി; വരംകൊടുപ്പിക്കലായി.

അൎജ്ജുനൻെറ തപസ്സ്--പാശുപതാസ്ത്രത്തിന്നുവേണ്ടി—പ
ഞ്ചാഗ്നിമദ്ധ്യത്തിൽനിന്നുകൊണ്ടു്—എത്ര കഠോരം! വരം കൊടു
ക്കാൻ കാരണോരു കൂട്ടാക്കിയില്ല. അമ്മയുടെ ഉള്ളു പൊള്ളി. ഒടു
വിൽ "ഞാൻ തൂങ്ങിച്ചാകും" എന്നുകൂടി പറഞ്ഞിരിക്കണം. അപ്പോ
ഠം "വാ, പൊകാം" എന്നാണ് അവിടുന്നരുളിയതു്. താൻ ഒന്നാം
ക്ലാസ്സ് ഒരു വേടൻെറ വേഷമെടുത്തു. അന്നേരം അൎദ്ധഭാഗത്തി

ന്നു വേടത്തിയാകാതിരിക്കാൻ തരമില്ലല്ലോ. കാട്ടിൽചെന്നു. അമ്മ അർജ്ജുനനോടു എത്ര പറഞ്ഞുനോക്കി—യുദ്ധം നിർത്താൻ! ആ ശ്ശൂരൻ അതു കൂട്ടാക്കീല. പകരം അസഹ്യമായ ശകാരവാക്കുകളാണ് വർഷിച്ചതു്. അതുകേട്ടപ്പോൾ മൂപ്പരുടെ ക്രോധാനലൻ ആളിക്കത്തി. അർജ്ജുനനെ ദഹിപ്പിക്കും എന്ന ഘട്ടമെത്തി. അതാ ആ ദയാലു അമ്മ ഭഗവാൻെറ മൂന്നാം തൃക്കണ്ണിനെ ചെന്നുപൊത്തി. അപ്പോൾ ആ കിരാതമൂർത്തി അർജ്ജുനനെ ചവിട്ടി ഉരുട്ടി ഒരു ഉരുളയാക്കി ദൂരത്തേക്കെറിഞ്ഞു. ഒരു തുള്ളി കടാക്ഷാമൃതം, ആ കുടുംബിനി, അർജ്ജുനപിണ്ഡത്തിൽ കുത്തിവെച്ചു. അർജ്ജുനൻ പൂർവ്വാധികം തേജസ്വിയായി, ബലവീര്യപരാക്രമശാലിയായി ആ ജഗദംബയുടെ പാദാരവിന്ദത്തിൽ വീണുവണങ്ങി. ഓമനമകനെയെന്നപോലെ ആ ലോകമാതാവ് അർജ്ജുനനെ തഴുകി അനുഗ്രഹിച്ചു. ഹാ! ഹാ!! ഭജിക്കണമെങ്കിൽ ശ്രീപാർവ്വതിയെത്തന്നെയാണ് വേണ്ടതു്. ആ ഏക മാതാവിൻെറ സഹായസഹകരണമില്ലെങ്കിൽ പ്രപഞ്ചം നാസ്തി. വെറുതെയല്ല ജഗദ് ഗുരു ആദി ശങ്കരാചാര്യസ്വാമികൾ പറഞ്ഞതു്.

"ശിവശ്ശക്ത്യായുക്തോയദിഭവതിശക്ത പ്രഭവിതും
നചേദേവോദേവം നകലുകലുഷസ്സ്പന്ദിതുമപി".

കുതിര ഓടുന്നതും, കാക്ക പറക്കുന്നതും, മീൻ നീന്തുന്നതും, പാമ്പ് അരിക്കുന്നതും, തവള ചാടുന്നതും എല്ലാം അതാതിൻെറ ശക്തികൊണ്ടാണ്. ആ ശക്തിയാണ് സാക്ഷാൽ ജഗദംബികയായ ശ്രീപാർവ്വതി. അതുകൊണ്ടുതന്നെയാണ് അവരെ "പരാശക്തി" എന്നു പറയുന്നതു്. ആ പരാശക്തിയുടെ നേരിയ ഒരു രശ്മി എന്നിലും ഉണ്ടു്. അതുകൊണ്ടു തന്നെയാണ് അതിൻെറ മൂർത്തിസ്വരൂപമായ നീലിയെ കാണാൻ ഞാൻ പോയതു്.

(2)

എൻെറ ആത്മസ്നേഹിതന്മാരിൽ ഒന്നുരണ്ടുപേരോടു മാത്രം ഞാൻ ഈ വിവരം സ്വകാര്യമായി സംസാരിച്ചു. എന്നാൽ അവർ എന്നെ പ്രോത്സാഹിപ്പിക്കുന്നതിന്നുപകരം ഭഗ്നോത്സാഹനാക്കുവാനാണ് ശ്രമിച്ചതു്. ഈ പരിശ്രമം പാഴാണെന്നും, നീലി എന്നും മററും പറയുന്നതു ശുദ്ധമേ അന്ധവിശ്വാസംകൊണ്ടാണെന്നും, മാത്രമല്ല, സൂര്യപ്രകാശംപോലും കടക്കാത്ത ഘോരാന്ധകാരമായ ഒരത്യുന്നതപ്രദേശമാണ് കല്ലടിക്കോട് മല എന്നും, അനവധി ദുഷ്ട

ജന്തുക്കളുടെ ആ വാസസ്ഥാനമാണ് അവിടമെന്നും മററും യുക്തിയുക്തമായി അവർ സ്നേഹപൂർവ്വം എന്നെ ഉപദേശിച്ച് എൻെറ ഉദ്യമത്തെ മുടക്കുവാൻ യത്നിച്ചു. പക്ഷെ, ഞാൻ ഉറച്ചുകഴിഞ്ഞതാണ്; അതും ഗാഢമായി ചിന്തിച്ചതിന്നുശേഷം; ഇങ്ങനെ വല്ലതും ഉറപ്പുചെയ്താൽ അതിൽനിന്നു്, ആകാശം വീഴുന്നതായാലും, അണുവും വ്യതിചലിക്കാത്തവനാണ് ഞാൻ. ആ ഒരു സ്വഭാവം എനിക്കു കുട്ടിക്കാലം മുതല്ക്കേ ഉണ്ടു്. അതുകാരണം ചിലർ എന്നെ "മർക്കടമുഷ്ടി" എന്നു പറഞ്ഞു പരിഹസിക്കാറുണ്ടു്. സ്നേഹിതന്മാരുടെ മനസ്സ് അറിഞ്ഞപ്പോൾ ഞാൻ അവരോട് ഇതിനെപ്പററി കൂടുതലായൊന്നും ചർച്ചചെയ്യാതെ; അവരുടെ അഭിപ്രായം അംഗീകരിച്ചപോലെ അവക്കു കീഴടങ്ങി മററുവിഷയങ്ങളിലേക്കു പ്രവേശിച്ചു. അവസാനം അവർ വീണ്ടും ഒരുതാക്കീതു തന്നുപോയി.

ഇതു കഴിഞ്ഞിട്ട് ഏതാണ്ട് ഒരുമാസമായി. ഞാൻ "ഊട്ടിക്കു പോയിട്ടുവരാം" എന്നു വീട്ടിൽ പറഞ്ഞു് ഒരുദിവസം കാലത്തു ആദ്യത്തെ ബസ്സിന്നു പാലക്കാട്ടുനിന്നു മുണ്ടൂക്കു പുറപ്പെട്ടു. മുണ്ടൂരുനിന്നു നോക്കിയാൽ കാണാം കല്ലടിക്കോട്ടുമല. അപ്പോൾ സമയം ഏഴുമണി ആയിട്ടേ ഉള്ളൂ. വയറുനിറച്ച് കാപ്പിയും പലഹാരവുംകഴിച്ച്, കയ്യിലുണ്ടായിരുന്ന സഞ്ചിയിൽ കുറെ റൊട്ടിയും പഴവും ശേഖരിച്ചെടുത്തു. മുണ്ടൂര് പരിചയക്കാരായി ആരുമില്ലാതിരുന്നതു എൻെറ ഭാഗ്യം. എട്ടുമണിക്കു മണ്ണാർക്കാട്ടേക്കുള്ള ബസ്സു വന്നു. മുണ്ടൂരുനിന്നു നാലഞ്ചുനാഴിക ദൂരമെയുള്ളൂ കല്ലടിക്കോട് ദേശത്തിന്. ഞാൻ ആ ബസ്സിൽ കയറി കല്ലടിക്കോട് ചെന്നിറങ്ങി.

നിർജ്ജനപ്രദേശം. എവിടെ നോക്കിയാലും കാടും പടലും! അതിന്റെ നടുവിൽക്കൂടി ഞാൻ വന്ന ബസ്സ് റോഡ് പെരുമ്പാമ്പുപോലെ വളഞ്ഞു പുളഞ്ഞു കിടക്കുന്നുണ്ടു്. അങ്ങിങ്ങായി ഒന്നുരണ്ടു കുരപ്പുരകൾ കാണാതയ്കയില്ല. പക്ഷെ ആ പുരകൾക്കകത്തു ആരെയും കണ്ടില്ല. എല്ലാവരും കാട്ടിൽ വിറകവെട്ടാൻ പോയിരിക്കയായിരുന്നു. അതാണ് ആ സാധുക്കളുടെ ഏക ഉപജീവനമാർഗ്ഗം. "കല്ലടിക്കോട് കരുപ്പന്മാർ" സുപ്രസിദ്ധരാണ്. ആ നാട്ടിലെ ജന്മികളാണ്. അവരുടെ വക ചില മാളികകളും കണ്ടു. എന്നാൽ ഞാൻ അങ്ങോട്ടുചെന്നില്ല. അവരിൽ വല്ലവരും എന്നെ അറിഞ്ഞെങ്കിലോ? എൻെറ ഉദ്ദേശം നിഷ്ഫലമായില്ലെ. അടുത്തായി റോഡരികെ ഒരു ചെറിയ കാവു കണ്ടു. അതായിരിക്കയില്ല നീലിയുടെ ക്ഷേത്രം. പത്തുരുപത്തഞ്ചുവയസ്സു പ്രായമായ ഒരു കു

നി മുത്തശ്ശി അതിനകത്തുനിന്നു വടിയുംകുത്തി പുറത്തേക്കു വരുന്ന തു കണ്ടു. ആ മുത്തശ്ശിയോടു് ഞാൻ വിവരങ്ങൾ ചോദിച്ചു. അതല്ലാ നീലി ക്ഷേത്രമെന്നു മനസ്സിലായി. നീലിക്കു ക്ഷേത്രമില്ലെന്നും, അവൾ വനാന്തർഭാഗത്തു സ്വച്ഛന്ദം സഞ്ചരിച്ചു് വിഹരിക്കുകയാണു് പതിവെന്നും, അവളെ കണ്ടുമുട്ടുന്നതു വളരെ പ്രയാസമാണെന്നും, അർദ്ധരാത്രിയായാൽ പക്ഷെ ചിലപ്പോൾ കാണാമെന്നും ആ മുത്തശ്ശി പറഞ്ഞു. കണ്ടുമുട്ടിയാലോ— ഒന്നുകിൽ നിഗ്രഹം; അല്ലെങ്കിൽ അനുഗ്രഹം — എന്നുകൂടി മുത്തശ്ശി പറഞ്ഞു് എന്നെ പിന്തിരിപ്പിക്കാനാണു് ശ്രമിച്ചതു്.

“ആട്ടെ, നീലിയമ്മ എവിടെയെല്ലാം സഞ്ചരിച്ചു വിഹരിക്കും” എന്നു ഞാൻ ചോദിച്ചതിന്നു ദൂരെയുള്ള ഒരു ഭയങ്കര കുന്നിനെ ചൂണ്ടിക്കാണിച്ചു് “അതിൻ്റെ മുകളിലും ചുറവും” എന്നു് പറഞ്ഞു് ആ കിഴവി പോയി.

നേരം പതിനൊന്നരമണികഴിഞ്ഞു. കയ്യിലുള്ള റൊട്ടിയും പഴവും തിന്നു; ആ കോവിലിലെ കിണററിൽനിന്നു കുറെ ജലം കോരിയെടുത്തു കുടിച്ചു; വിശപ്പും, ദാഹവും, ക്ഷീണവും തീൎന്നു. ബാക്കിയുള്ളതു് കെട്ടിയെടുത്തു്, ആ കുന്നിനെ ലാക്കാക്കി കിഴക്കെ അരികെ നേരെ നടന്നുതുടങ്ങി. ചില വയലുകളിൽകൂടിയും, കുററിക്കാടുകളിൽകൂടിയും; പാറപ്പുറം മറിഞ്ഞും, ചെറുചോലകൾ ചാടി കടന്നും—ഏകദേശം അഞ്ചാറുനാഴിക നടന്നിരിക്കണം—ആ ഭയങ്കര കുന്നിൻെറ അടിവാരത്തെത്തി. നീലിയെ കാണാനുള്ള ഉത്സാഹംകൊണ്ടു അപ്പോൾ ലവലേശം ക്ഷീണം തോന്നിയില്ല. കുന്നു കയറിത്തുടങ്ങി. സന്ധ്യയ്ക്കുമുമ്പു കൊടുമുടിയിലെത്താമെന്നു തോന്നി. വഴിയൊന്നുമില്ല — മുക്കിട്ടവഴിതന്നെ. ചൊവ്വിനുവെച്ചടിച്ചു. കഷ്ടിച്ചു് ഒരു നൂറുവാര കയറിയതേയുള്ളു. നിന്നൊന്നു തിരിഞ്ഞുനോക്കി. വന്നവഴി അറിയാൻ പാടില്ല. നാലുഭാഗവും ഇരുണ്ടിരിക്കുന്നു. കാററത്തു മരക്കൊമ്പുകൾ തമ്മിലുലഞ്ഞു കൂട്ടിമുട്ടുമ്പോളുണ്ടാകുന്ന ഇടിനാദം മാറെറാലികൊണ്ടു മുഴങ്ങിയതു ഭയങ്കരം! ഓക്ക്വെയ്യും. ചില ചെറുപക്ഷികൾ എൻെറ ഉദ്യമത്തിൻെറ ഭയങ്കരതയെ സൂചിപ്പിച്ചു തിരിച്ചുപോകുക എന്നു ഉപദേശിക്കുംപോലെ കൊമ്പുകളിലിരുന്നു എന്നെ നോക്കി ചിലച്ചു. യാദൃശ്ചികമായി എന്നെ അവിടെ കണ്ടതുകൊണ്ടു പരിഭ്രമിച്ചു ചില വലിയ പക്ഷികൾ പെട്ടെന്നു ചിറകടിച്ചുപറന്ന ശബ്ദം എന്നെ വല്ലാതെ ഞെട്ടിച്ചു. സത്യം പറയാമല്ലൊ. എൻെറ ഉള്ളു ആ സമയത്തു

വല്ലാതെ കണ്ടൊന്നാളി. "ചത്താലും നീലിയെ കണ്ടിട്ടേ അടങ്ങൂ" എന്നൊരൂക്കം ഉടനെ തോന്നി. കയ്യിലുണ്ടായിരുന്നതിൽനിന്നു രണ്ടു റൊട്ടിയും നാലു നേന്ത്രപ്പഴവും ആ നിന്നനില്പിൽ തിന്നു. അരികെ ഒഴുകിയിരുന്ന അരുവിയിൽനിന്നു കുറെ വെള്ളവുംകുടിച്ചു. വീണ്ടും കയററം തുടങ്ങി. ഇരുട്ടുകൊണ്ടു കണ്ണു കാണാൻ പാടില്ലായിരുന്നു. ഇടക്കിടെ ചില മരങ്ങളിൽ ചെന്നു പെട്ടെന്നു മുട്ടി നെററിയിൽ പലസ്ഥലത്തും പൊട്ടി മുഴച്ചു; ചില ഉടവുകളിൽ വഴുതിവീണു ദേഹത്തിൽ പല ദിക്കിലും ചൊരകി; മുള്ളിലും പടലിലും പെട്ടു മുണ്ടും കുപ്പായവും വലിച്ചുകീറി. ശരീരത്തിലും മുള്ളുകൊണ്ടു ചോരയൊലിച്ചു. എന്റെ ഭഗവാനെ! ഈ ബുദ്ധി എനിക്കു തോന്നിയല്ലൊ. വല്ല പാമ്പും കടിച്ചു ചാകുമോ? നരിപിടിച്ചു വിഴുങ്ങുമോ? തിരിച്ചു പോകാൻ വഴിയും നിശ്ചയമില്ല. എന്റെ കയ്യും കാലും അററുതുടങ്ങി. വല്ലാതെ തളൎന്നു് പരവശനായി. ഊക്കെല്ലാം ശമിച്ചു. ഒരടിപോലും മുമ്പോട്ടു വെക്കാൻ സാധിച്ചില്ല. എത്ര ദൂരം നടന്നോ, എവിടെ എത്തിയോ, ആൎക്കറിയാം? സമയം നല്ലവണ്ണം അസ്തമിച്ചിരിക്കണം. ചില കാട്ടുമൃഗങ്ങൾ ഇരതേടി പുറത്തുവന്നു അങ്ങിങ്ങായി മുരളുന്നതും, ഗൎജ്ജിക്കുന്നതും കേട്ടപ്പോൾ എന്റെ ഉള്ളു "കിടുകിടാന്നു്" വിറച്ചുപോയി. കാലൻകോഴിയുടെ "കുത്തിച്ചുടു്, ഇളക്കിച്ചുടു്" എന്ന കണ്ണകഠോരമായ കൂകൽ എന്റെ മൎമ്മങ്ങളെ പിളൎന്നു. ഗത്യന്തരമില്ലാതെ പ്രാണനെ വല്ല വിധേനയും രക്ഷിക്കേണമെന്നു കരുതി അടുത്തുണ്ടായിരുന്ന മരത്തിൽ കയറി ഉയരത്തല്ലാത്ത ഒരു കൊമ്പു തപ്പിനോക്കി അതിൽ ഇരുപ്പുറപ്പിച്ചു.

ഇനി അങ്ങോട്ടു പറയാൻ എന്റെ നാവു പൊന്തുന്നില്ല; എഴുതാൻ കൈവരുന്നില്ല. ഇപ്പോഴും അതോൎക്കുമ്പോൾ ഹൃദയം നടുങ്ങുന്നു. ഒരരനാഴിക കഴിഞ്ഞിരിക്കണം. രണ്ടു പന്തംകൊളുത്തിപ്പിടിച്ചമാതിരി കാട്ടിൽ ദൂരത്തായി ഒരു വെളിച്ചം കണ്ടു. അതെ, അതെ, നീലിയുടെ ഉജ്വലിക്കുന്ന രണ്ടു കണ്ണുകളാണവ. ഈ വഴിക്കുതന്നെയാണു് വരുന്നതു്. എന്റെ ഭാഗ്യം! വെളിച്ചം അടുത്തടുത്തു വന്നുതുടങ്ങി; ചില ആൎപ്പുവിളികളും, "കലകലാ"ന്നു ചില സംസാരങ്ങളും കേട്ടു. നാലു ഭീമ കായകന്മാർ! ചെമ്പിച്ച താടിയും, കറുത്ത ഉടുപ്പും, കയ്യിലോരോ ദണ്ഡും പാശവും! തലയിൽ ചുവന്ന ഉറുമാലു് കെട്ടീട്ടുണ്ടു്. കരിമല്ലന്മാർ! ആ മങ്ങിയ വെളിച്ചത്തിൽ അവരുടെ രൂപം ഞാൻ വ്യക്തമായി കണ്ടു; ചേടി

ച്ചുവിറച്ചു് താഴെ വീഴാതിരിക്കാൻ മരക്കൊമ്പു മുറുകെ പിടിച്ചു. നീലിയുടെ ഭൃതങ്ങളാണോ അവർ? അല്ല, തമിഴും മലയാളവും ഇടകലൎന്നുള്ള ഒരു പ്രാകൃതഭാഷയിലാണു് സംസാരം. മൂക്കെററം കള്ളുകുടിച്ചിട്ടുണ്ടു്. ചെമ്പിൽ കുത്തുചട്ടകമിട്ടു് ഇളക്കിയാലത്തെപ്പോലുള്ള ശബ്ദം; നാക്കു് ഒളറിക്കൊണ്ടുള്ള സംസാരം. ആ മലയിൽ ഒരു രഹസ്യസ്ഥലത്തു അധിവസിക്കുന്ന തമിഴു് പറയന്മാരാണത്രെ അവർ. രാത്രികാലങ്ങളിൽ ചുവട്ടിലിറങ്ങിവന്നു അയൽപക്കത്തുള്ള കൃഷിക്കാരുടെ കന്നുകാലികളെ കട്ടുകൊന്നു് മാംസവും, കൊമ്പും, തോലും കോയമ്പത്തൂരും മററും കൊണ്ടുചെന്നു് വിററു് ഉപജീവനം കഴിക്കുന്ന കൂട്ടരാണത്രെ—ക്രൂരസത്വങ്ങൾ!—പിന്നീടാണു് ഞാൻ ഈ വിവരം ഗ്രഹിച്ചതു്.

അവർ ഞാനിരിക്കുന്ന മരത്തിൻെറ ചുവട്ടിൽ വന്നുനിന്നു. പന്തം താഴ്ത്തിപ്പിടിച്ചു. "ഇതെന്നാ ഒരു തെഞ്ചി കിടക്കറത്. ആരോ ഇഞ്ചെ വന്തിരിക്കലാം. ആരാനാലും പാത്താൽ പൈസൽ താൻ—ആച്ചു്—". ഗ്രഹപ്പിഴക്കു അതു എൻെറ സഞ്ചിയായിരുന്നു. പരിഭ്രമിച്ചു് മരത്തിൽ കയറിയപ്പോൾ സഞ്ചി എടുക്കാൻ മറന്നതാണു്. അവർ ആ സഞ്ചിയെടുത്തു. "അടാടാ! ഇതിലെ എന്നാ! പളം—പളം—രൊട്ടി—രൊട്ടി". ഒരുവൻ ചൂട്ടു പൊക്കി മേലോട്ടു നോക്കി ഒരലച്ചു! "അഡേ! പാരടാ! ബടവാ, ബടവാ!" ഞാൻ ഭയപ്പെട്ടു വിറച്ചു് പിടിവിട്ടു് "ബ്ടീം"— അവരുടെ നടുവിൽ വീണു. ഒരുവൻ എന്നെ കടന്നു പിടിച്ചു. ഊരും പേരും ഒന്നും ചോദിക്കാൻ അവർ മെനക്കെട്ടില്ല. "ഇപ്പൊ പത്താത്—പൊളുതോടെ പൈസൽ ആച്ചു്" ഇത്രയും പറഞ്ഞു് അവരെന്നെ ഇഴത്തു വലിച്ചു്—ഒരു രണ്ടു മൈൽ കൊണ്ടുപോയിരിക്കണം—ഒരു ഇടുങ്ങിയ ഗുഹപോലുള്ള ഒരു സ്ഥലത്തു കൊണ്ടുപോയി മരത്തോടു ചേൎത്തു ബന്ധിച്ചു് വീണ്ടും അവരുടെ മോഷണപ്രവൃത്തിക്കു പോയി.

അപ്പൊഴത്തെ എൻെറ സ്ഥിതി! വായനക്കാരെ, നിങ്ങൾ തന്നെ ഊഹിച്ചുകൊള്ളുക. മരണനിമിഷവും കയ്യിൽ പിടിച്ചെണ്ണി കാത്തിരിക്കുക! അയ്യോ! അമ്മേ! ഭഗവതീ! എൻെറ ചിററൂരമ്മേ! നീലിയമ്മേ! ദയാലോ! ശ്രീ പാൎവ്വതീ! തായേ!! ഹേമാംബികേ! മനസ്സിലുദിച്ച ദേവിമാരെയെല്ലാം വിളിച്ചു നിലവിളിച്ചു. എന്നാൽ എൻെറ ആ രോദനത്തിൻെറ പ്രതിധ്വനി മാത്രം ചെവിയിൽ വന്നലച്ചതു് മനസ്സിനെ കൂടുതൽ ഭയാനകമാക്കിയതേയുള്ളു. ഭഗവാനെ! പഴനിയാണ്ടവാ! ശ്രീ പത്മനാഭ! എ

ൻെറ ഗുരുവായൂരപ്പാ !

"യത്വരാ ദ്രൌപതീത്രാണേ യാത്വരാ ഗജരക്ഷണേ
മയ്യാർത്തെ കരുണാസിന്ധോ സാത്വരാകപഗതാ ഹരേ"

വയറോട്ടചേർത്തായിരുന്നു അവരെന്നെ മരത്തിൽ ബന്ധിച്ചത്. കൈ രണ്ടും ഇളക്കാം. പക്ഷെ കെട്ട പിന്നിലായതുകൊണ്ടു അഴിക്കാൻ സാധിച്ചില്ല. കള്ളുകുടിച്ച അമലിൽ എൻെറ സഞ്ചി അവിടെ ഇട്ടിട്ടാണവർ പോയതു്. ദൈവാനുഗ്രഹത്താൽ ആ സഞ്ചിയിൽ എൻെറ കയ്യ് തടഞ്ഞു. ചെറിയൊരു പേനാക്കത്തി ഞാനെടുത്തിരുന്നതു് ആ സഞ്ചിയിൽതന്നെ ഉണ്ടു്. അതെടുത്തു കെട്ടിയ കയറു പതുക്കെ അറുത്തു് ബന്ധനത്തിൽനിന്നു വിമുക്തനായി. എൻെറ മനസ്സിനെന്നപോലെ അപ്പോളൊരു നേരിയ പ്രകാശം അവിടെയെങ്ങും പരന്നുകണ്ടു. വെള്ളി പൊട്ടിയതാണു്. കഷ്ടിച്ചു് കണ്ണുകാണാം. ഒരു റൊട്ടിയും രണ്ടുപഴവും സഞ്ചിയിൽ ബാക്കിയുണ്ടായിരുന്നതു അവററ എടുത്തിട്ടില്ല. അവിടെ നിന്നതു തിന്നുവാൻ പ്രാണഭയം സമ്മതിച്ചില്ല. അസഹ്യമായ തലവേദന, കൈകാൽ കുഴച്ചൽ, ശരീരമാസകലം മുറിഞ്ഞു് ചോരപൊട്ടിയൊലിച്ചതുകൊണ്ടുള്ള കത്തിയെരിച്ചൽ, മനസ്സിലൊരു പിടച്ചൽ, അപ്പൊഴക്കും കേട്ട ദൂരത്തുനിന്നു ആ ദുഃഷ്ടന്മാരുടെ അലച്ച്. എവിടെ നിന്നോ എനിക്കപ്പോളൊരു ശക്തി താനെ ഉണ്ടായി. അവരെ പിന്നിട്ടു് ഞാൻ നേരെ കുതിച്ചുപാഞ്ഞു. അവരുടെ അലച്ച്കൊണ്ടു അവരന്നെ പിന്തുടരുന്നുണ്ടെന്നു മനസ്സിലായി. പ്രാണനേയുംകൊണ്ടുള്ള പാച്ചൽ—മരണപാച്ചിൽ. ദൈവം സഹായിച്ചു. സമയം പുലന്നുവരുന്നു. കാടിൻെറ കര കണ്ടു. ചില നെൽകണ്ടങ്ങൾ. അതിദൂരത്തായി ഒരു വീടുകണ്ടതിൻെറ നേരെപാഞ്ഞു. ആ വീടിൻെറ മുമ്പിലെത്തി ശക്തിയോടുകൂടി വാതലിൽചെന്നടിച്ചു തൽക്ഷണം ബോധർഹിതനായി ഞാൻ താഴെ പതിച്ചു.

മൂന്നു ദിവസം കഴിഞ്ഞശേഷമാണത്രെ എനിക്കു ബോധമുണ്ടായതു്. ഞാൻ കണ്ണുമിഴിച്ചു നോക്കിയപ്പോൾ ഒരു കട്ടിലിൽ എന്നെ പുതപ്പിച്ചു കിടത്തിയിരിക്കയാണു്. അടുത്തു പത്തുനാല്പത്തഞ്ചു വയസ്സുപ്രായമുള്ള ഒരാളിരുന്നു ചില മരുന്നുകൾ ചാലിക്കുന്നു. പതിനെട്ടു വയസ്സുപ്രായമായ ഒരു പെൺകുട്ടി നെററിയിലും ശിരസ്സിലും മററും മരുന്നിട്ടു തലോടുന്നു. ഒരു സ്ത്രീപാൽ കാച്ചിയതുംകൊണ്ടവിടെവന്നു. "ഹാവൂ! അമ്മേ........ഞാനെവിടെയാണു്! നീലി—നീലി—കൊന്നു—വെട്ടി—അതാ—ഇതാ—' എന്നു ഞാൻ

ഭയപ്പെട്ടു പലതും പറഞ്ഞുവത്രെ. ആ പെൺകുട്ടി എൻെറ രണ്ടു കണ്ണുകളും കൈകൊണ്ടു പതുക്കെ അടച്ചിച്ചു. "നീലിതന്നെയാണ് നിങ്ങളെ രക്ഷിച്ചതു്. അവൾ അത്യന്തം ദയയുള്ളവളാണ്. ഒട്ടും ഭയംവേണ്ട. നിങ്ങളുടെ വീട്ടിൽ തന്നെയാണ് നിങ്ങൾ കിടക്കുന്നതു്. ഞങ്ങൾ അച്ഛനും അമ്മയും അടുത്തുണ്ടു്. നാളെക്കു സുഖമാകും." എന്നെല്ലാം ചിലതു് ആ പാലുകൊണ്ടുവന്ന അമ്മ പറഞ്ഞതായി ഒരു സ്വപ്നംപോലെ ഇപ്പോഴും ഞാനോക്കുന്നുണ്ടു്.

രണ്ടുമൂന്നുദിവസം കഴിഞ്ഞു; ക്ഷീണത്തിന്നു വളരെ ആശ്വാസംകിട്ടി; ബുദ്ധിഭ്രമം ശമിച്ചു; ശരീരത്തിലെ മുറിവുകളെല്ലാം ഉണങ്ങിത്തുടങ്ങി; എഴുന്നേററിരിക്കാറായി. അപ്പോഴാണ് കോങ്ങാട്ടു ഒരാവശ്യം പ്രമാണിച്ചു പോയിരുന്ന എൻെറ അച്ഛൻ ആകസ്മികമായി അവിടെ കയറിവന്നതു്. അച്ഛൻെറ ഒരമ്മാമൻെറ മകളുടെ മകളും പേരമകളും അവളുടെ അച്ഛനമാണ് ആ വീട്ടിലെ അംഗങ്ങൾ—എന്നെ ശുശ്രൂഷിച്ചിരുന്നവർ. അങ്ങനെ പുതുപരിയാരത്തു ചിലർ ഉണ്ടെന്നുള്ള കേൾവിയല്ലാതെ ഞാൻ അവരെ ആരേയും അറിയില്ല; ആ വീടു അതുവരെ കണ്ടിട്ടുമില്ല. എന്നെ അവരും അറിയില്ല.

എന്നെ കണ്ടു് അച്ഛൻ അല്പം പരിഭ്രമിച്ചു് "എന്താ അപ്പൂ! ഇതു്? നീ ഊട്ടിക്കു പോയതല്ലെ? എന്നു സൌമ്യമായി ചോദിച്ചു. ഞാൻ ഒന്നും ഒളിക്കാതെ എല്ലാ സംഗതിയും അച്ഛനോടു് തുറന്നു പറഞ്ഞു.

"ആ സമയത്തു ഞാൻ പശുവിനെ കറക്കുകയായിരുന്നു. വരവും വീഴ്ചയും കണ്ടു വല്ലാതെ പരിഭ്രമിച്ചു് അച്ഛനേയും അമ്മയേയും ഉറക്കെ വിളിച്ചു. ഞങ്ങളെല്ലാവരുംകൂടി താങ്ങിയെടുത്തു കട്ടിലിൽ കൊണ്ടുവന്നു കിടത്തി" എന്നു ആ പെൺകുട്ടി പറഞ്ഞു,

അച്ഛൻ അല്പം ആലോചിച്ചു്, 'ഹാ! കഷ്ടം! അപ്പു നിണക്കു ഈ ബുദ്ധിതോന്നിയെല്ലോ! ഹും! ദൈവാധീനം! അനന്തരം ഒരു മന്ദഹാസത്തോടെ" "കഷ്ടപ്പെട്ടാലും അപ്പുന് നീലിയെ കണ്ടുകിട്ടി. ആ നീലിക്കു അപ്പു ആയുഷ്കാലം മുഴവനും കടപ്പെട്ടിട്ടുണ്ടു് അതു തീർത്താൽ തീരാത്തതാണ്. ഇനി നീലിക്കുട്ടിക്കു മററാരാളെ ശുശ്രൂഷിക്കാനും പാടില്ല. ഊട്ടിക്കു പോയവനെ നീലിക്കുട്ടിയാണ് ഊട്ടിസംരക്ഷിച്ചതു്. ഇനി എന്നും അങ്ങനെതന്നെ ഊട്ടട്ടെ." എന്നു പറഞ്ഞു. അടുത്ത മാസത്തിൽ ഞങ്ങളുടെ വിവാഹം കഴിഞ്ഞു. അങ്ങനെയാണ് ഞാൻ നീലിയെ കണ്ടതു്. പിന്നീടു എനിക്കുപററിയ വിഡ്ഢിത്തത്തെപ്പററി നീലി

കൂട്ടി പറഞ്ഞു പരിഹസിക്കുമ്പോഴെല്ലാം ഞാൻ "നിന്നെ കിട്ടിയെനിക്കു സുന്ദരിമഹായത്നത്തിനാലോമനേ" എന്നു പറഞ്ഞൊതുമ്മ കൊടുത്തു അവളുടെ വായടക്കും.

—— ః ——

# പ്രതീക്ഷ

(വിദ്വാൻ ടി. കെ. രാമമേനോൻ)

ഒരുജന്മമിനിയുമുണ്ടാകുമെങ്കി–
ലൊരു വീണക്കമ്പിയായ്ത്തന്നെവേണം.
അഖിലപ്രേമാർദ്രനാം ഗായകന്റെ
വിരലുകളെന്നെത്തലോടിടുമ്പോൾ
ഉയിർപൂണ്ടെഴുന്നേല്ക്കുമെന്നിൽനിന്നും
ഉലകസുഖാവഹനാദഭംഗി.
പരഹൃദയത്തിനു ശാന്തിനല്കാൻ
പരമാനന്ദത്തെച്ചൊരിഞ്ഞുകൊൾവാൻ
തരമെനിക്കുനാദമാധുരിയാൽ
വരുമെന്നാലെൻ ജന്മം ധന്യധന്യം.
ഇരവും പകലുമൊരേവിധത്തിൽ
ചൊരിയുമാസ്സംഗീതധാരയാൽ ഞാൻ
ഇമ്മണ്ണിൽ വിണ്ണൊന്നു തീർത്തുവെയ്ക്കും
സമ്മോദംകൊണ്ടതലങ്കരിക്കും.
തകരട്ടെ തന്ത്രിയതേവരേയ്ക്കും
സുകൃതി ഞാൻ ലോകം കുളുർപ്പിച്ചീടും
അപരാനന്ദത്തിന്നിടവിലങ്ങായ്
കൃപണമെൻ ജീവിതമെന്നുവന്നാൽ
അതിലപ്പുറമെന്തുഘോരതാപ
മതിലപ്പുറമെന്തുഘോരപാപം!!
അഭിലാഷമില്ലെനിയ്ക്കൊട്ടുപോലു–
മപരാർത്തിക്കായുസ്സുനീട്ടിക്കിട്ടാൻ
നിമിഷൈകജീവിതമെന്തായാലും
നിയതം പരാർത്ഥമായ്ത്തീർന്നിടാവൂ.
തെരുവീഥിതന്നിലെക്കണ്ടകമായ്
വരുമെന്നാലെന്തിന്നാ മർത്ത്യജന്മം?
ഒരുജന്മമിനിയുമുണ്ടാകുമെങ്കി–
ലൊരു വീണക്കമ്പിയായ്ത്തന്നെ വേണം!!

—— o ——

# പുസ്തകാഭിപ്രായം

## ശ്രീകൃഷ്ണലീലാതരംഗിണി: വില 1—8—0

Publishers Vavilla Ramaswamy Sastrilu and Sons, Madras.

ആത്മീയനാളം മങ്ങിമങ്ങിവരുന്നതോടൊപ്പം ഭാരതമാതാവു ശോഷിച്ചധഃപ്പതിച്ചു പോകുന്നതിന്നു പ്രതിവിധിയായി ഘൃതധാര ചെയ്തു് ആ നാളത്തെ ഉജ്ജ്വലതരമാക്കുവാൻ അതിപ്രയത്നം ചെയ്തു വരുന്ന അല്പം ചില മഹാശയന്മാരിൽ മുന്നണിയിൽ പ്രശോഭിക്കുന്ന പണ്ഡിതവര്യൻ ഭാഷോദ്ധാരക ശ്രീ വാവില്ല വെങ്കടേശ്വര ശാസ്ത്രുലുഗാരുവിൻെറ പ്രസാധകത്വത്തിൽ മദ്രാസ്സ് വാവില്ല രാമസ്വാമി ശാസ്ത്രുലു ആൻറ് സൺസ് നാഗരാക്ഷരത്തിൽ പ്രസിദ്ധപ്പെടുത്തിയ ശ്രീകൃഷ്ണലീലാതരംഗിണി എന്ന ഈ ദിവ്യഗ്രന്ഥം സാക്ഷാൽ ത്യാഗരാജസ്വാമികൾപോലും മാർഗ്ഗദർശകമായിട്ടുണ്ടെന്നറിയുമ്പോൾ ആരൊരാളാണു് ഇതിൻെറ മാഹാത്മ്യത്തെ കൊണ്ടാടാത്തതു്!

കൃസ്താബ്ദം 17-ാംനൂററാണ്ടിൽ ജീവിച്ചിരുന്ന യതിശ്രേഷ്ഠനായ ശ്രീനാരായണ തീർത്ഥപാദരാണു് ഇതിൻെറ കർത്താവു്. വരാഹൂർ വൈഷ്ണവ മഹാക്ഷേത്രത്തിലിരുന്നാണു് ഈ കൃതി വിരചിച്ചിട്ടുള്ളതു് എന്നാണു് മനസ്സിലാകുന്നതു്. ഗ്രന്ഥകർത്താവിനെപ്പററിയുള്ള മററു വിവരങ്ങൾ അജ്ഞാതമാണു്.

ശ്രീജയദേവരുടെ ഗീതഗോവിന്ദത്തെ അനുകരിച്ചു്, ശ്രീകൃഷ്ണൻെറ ജനനം മുതൽ രുഗ്മിണീസ്വയംവരംവരെയുള്ള ചരിതത്തെ, പന്ത്രണ്ടു തരംഗങ്ങളിലായി നൂററമ്പതോളം ഗീതകങ്ങളായി പാടീട്ടുള്ളതാണു് ഉള്ളടക്കം. ആശയദാർഢ്യം, ശ്രുതിമാധുര്യം, രചനാസൌഷ്ഠവം, സർവ്വോപരി അതിൽ സർവ്വത്ര പരിലസിക്കുന്ന ഭക്തിരസം, വശ്യത എന്നിവകൊണ്ടു ഈ കൃതി ഗീതഗോവിന്ദത്തോടൊപ്പം "ഒരു ഞട്ടിയിൽ വിരിഞ്ഞ രണ്ടു പുഷ്പങ്ങളെ"പ്പോലെയാണു് പ്രശോഭിക്കുന്നതു്. ഇതിലെ "ജയ ജയ ഗോകുലബാല", "ശരണം ഭവ കരുണാം മയി കുരു ദീന ദയാലോ" ഇത്യാദി ഗാനങ്ങൾ വളരെക്കാലം മുമ്പുതന്നെ കേരളീയർക്കു സുപരിചിതമാണു്. ഈ കൃതി ഒരു ലഘുവ്യാഖ്യാനസഹിതം മലയാള ലിപിയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു കേരളീയർക്കും കേരളഭാഷയ്ക്കും ഒരനുഗ്രഹമായി

രിക്കും. കൂടാതെ, തീൎത്ഥപാദരുടെ "ഹരിഭക്തി സുധാൎണ്ണവം" എന്ന വിശിഷ്ട കൃതികൂടി വ്യാഖ്യാനിച്ച് ലോകാനുഗ്രഹാൎത്ഥം പ്രസാധകന്മാർതന്നെ അചിരേണ പ്രസിദ്ധപ്പെടുത്തുമെന്നു ഞങ്ങൾ ആശിക്കുന്നു. — എൻ എം.

**കലോത്സവം:** വില 1-0-0. സി. കെ. ബാലകൃഷ്ണപ്പിണിക്കർ, ചൂണ്ടൽ.

കലോത്സവം വായിച്ചു കഴിഞ്ഞപ്പോൾ "പേര് തങ്കമണി കഴുത്തിൽ കാചമണി" എന്ന പഴമൊഴിയാണ് ഞങ്ങളുടെ സ്മൃതിപഥത്തിൽ വന്നത്. വല്ലതും എഴുതി നല്ല പേരുകൊടുത്ത് ജനങ്ങളെ ഭ്രമിപ്പിക്കുന്ന സമ്പ്രദായം ഇന്നത്തെ ചില ഗ്രന്ഥകാരന്മാർ സ്വീകരിച്ചുകാണുന്നതു അത്യന്തം അപലപനീയംതന്നെ എന്നു പറയാൻ ഞങ്ങൾ ഒട്ടും മടിക്കുന്നില്ല. ഗ്രന്ഥകൎത്താവിനു കവിതക്കല്പം വാസനയുണ്ടെന്നു പുസ്തകത്തിലെ ചില ഭാഗംകൊണ്ടൂഹിക്കാം. അതിനെ "ചമ്മലടിക്കാ"നുപയോഗിക്കാതെ, കവി എന്ന പേരെടുക്കുവാൻ ധൃതികൂട്ടാതെ, കുറേക്കൂടി പാണ്ഡിത്യവും പാകതയും വന്നശേഷം ആയാൽ നല്ലൊരു ഭാവി ഈ സാഹിത്യകാരനുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. — വി.

**ത്രിവേണി:** പത്രാധിപർ ഒ. എസ്സ്. നമ്പൂതിരി, വെള്ളറക്കാട്ട്, തേനല്ലൂർ വരിസംഖ്യ വൎഷത്തിൽ എട്ടുറുപ്പിക.

1953 സെപ്റ്റമ്പർ 1-ാംവാല്യം 1-ാംലക്കം കൈപ്പററി. നന്ദി പറയുന്നു. ഈ സഹജീവിക്കു എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. — ആർ.

—o—

## യഥാൎത്ഥ പരിഷ്കാരം

ആവശ്യങ്ങൾ അധികമായി വൎദ്ധിപ്പിക്കുന്നതിലല്ല, നേരെ മറിച്ച്, സ്വയം സമ്മതത്തോടും ബോധപൂൎവ്വകമായും അവ ചുരുക്കുന്നതാണ് യഥാൎത്ഥപരിഷ്കാരം. ഇതു മാത്രമേ സമ്പൂൎണ്ണമായ സൌഭാഗ്യവും സംതൃപ്തിയും വൎദ്ധിപ്പിക്കുകയും സേവനസാദ്ധ്യത വികസിപ്പിക്കുകയും ചെയ്യുകയുള്ളൂ. —ഗാന്ധിജി 27-6-33.